പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL 2012 TO 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2013 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

(Presented on 19th June, 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII

**(SUBJECT COMMITTEE VII)**

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM 1ST APRIL 2012 TO 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

747/2013.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I: യോഗനടപടിക്കുറിപ്പുകൾ | .. | 48 |
| അനുബന്ധം II: സർക്കാർ ഉത്തരവുകൾ | .. | 96 |

# സബ്ജക്റ്റ് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(2011-2013)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം. എൽ. എ.
,, എം. ചന്ദ്രൻ, ,,
,, പി. കെ. ഗുരുദാസൻ, ,,
,, എം. ഹംസ, ,,
,, പി. എ. മാധവൻ, ,,
,, എൻ. എ. നെല്ലിക്കുന്ന്, ,,
,, എ. കെ. ശശീന്ദ്രൻ, ,,
,, കെ. ശിവദാസൻ നായർ, ,,
,, എം. എ. വാഹീദ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി
ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
,, എ. ഷൈല, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ ഭാഗം—2 പ്രകാരം രൂപീകരിച്ച 2011-13 കാലയളവിലേക്കുള്ള, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ ആകെ 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 12-4-2012, 17-4-2012 തീയതികളിലെ യോഗങ്ങൾ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായും 2-5-2012-ലെ യോഗം 2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കായും 6-6-2012-ലെ യോഗം പാലക്കാട് ജില്ലയിലെ കുഴൽമന്ദം പഞ്ചായത്തിലെ മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ നിർമ്മാണം സംബന്ധിച്ച് തിരുവനന്തപുരത്ത് വച്ച് തെളിവെടുപ്പ് നടത്തുന്നതിനും 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, മുൻവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുന്നതിനായും ചേർന്നു. 23-7-2012-ലെ യോഗം 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനായും, അവ ഉൾപ്പെടുത്തിക്കൊണ്ട് കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുന്നതിനായും ചേർന്നു. 17-10-2012-ലെ യോഗത്തിൽ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനായും 7-11-2012, 26-12-2012, 11-3-2013 എന്നീ തീയതികളിലെ യോഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 235എ പ്രകാരം യോഗം ചേരുന്നതിനായും 14-2-2013, 26-3-2013 എന്നീ തീയതികളിലെ യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കായും ചേർന്നു. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർനില 63% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളെ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ബില്ലിന്റെയും കരട് ചട്ടത്തിന്റെയും എസ്. ആർ. ഒ.യുടേയും ചട്ടം 235(എ) അനുസരിച്ച് ചേർന്ന യോഗങ്ങളുടേയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളും മൂന്നാം അദ്ധ്യായത്തിലും നാലാം അദ്ധ്യായത്തിൽ ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ലഭിച്ച നടപടിക്കുറിപ്പുകളുടെ വിവരങ്ങളും റിപ്പോർട്ട്

കാലയളവിൽ സഭയിൽ സമർപ്പിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം I ആയും സമിതിയുടെ ശുപാർശയിന്മേൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.

2013 മേയ് 7-ാം തീയതിയിൽ ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2013 മേയ് 7.

## റിപ്പോർട്ട്

അദ്ധ്യായം I

2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 മേയ് മാസം 2-ാം തീയതിയിൽ ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു. പ്രസ്തുത റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിച്ചു.

12-4-2012, 17-4-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ കണക്കിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

സമിതിയുടെ 28-6-2011 മുതൽ 31-3-2012 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2012 ജൂലൈ 13-ാം തീയതി സഭയിൽ സമർപ്പിച്ചു.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2012 ജൂലൈ 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം II

**(എ) ബില്ലിന്റെ പരിഗണന**

1. 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ 14-2-2013-ൽ ചേർന്ന സമിതി യോഗം ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 15-2-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ 26-3-2013-ൽ ചേർന്ന സമിതി യോഗം ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച റിപ്പോർട്ട് 1-4-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**(ബി) കരട് ചട്ടത്തിന്റെ പരിഗണന**

1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസ്, 2012 ഭേദഗതി സംബന്ധിച്ച കരട് ചട്ടം 17-10-2012-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

747/2013.

**(സി) സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചിരുന്ന താഴെപ്പറയുന്ന എസ്. ആർ. ഒ. വിജ്ഞാപനം 17-10-2012-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു:**

2012-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി എസ്. ആർ. ഒ. നമ്പർ 214/2012.

**(ഡി) ചട്ടം 235(എ) അനുസരിച്ച് ചേർന്ന യോഗങ്ങൾ :**

(1) പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് അനെർട്ട് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, ഐ.ടി.ഐ.കളുടെ നവീകരണം, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സമിതി 26-12-2012-ൽ യോഗം ചേർന്നു.

(2) 2011-12 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയുടെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി സമിതി 11-3-2013-ൽ യോഗം ചേർന്നു.

## അദ്ധ്യായം III

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു:

## സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2004-05)

### ശുപാർശ

2230-01-102-99-45—പി. ഒ. എൽ.—ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റ്

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന വർദ്ധനവുമൂലം ഇതിനായി അനുവദിച്ചിട്ടുള്ള 66,000 രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ 24,000 രൂപ കൂടി ഈ ആവശ്യത്തിലേക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

### സർക്കാർ സ്വീകരിച്ച നടപടി

2004-05 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികമായി സമിതി നിർദ്ദേശിച്ച തുക അനുവദിച്ചിട്ടില്ല.

# സബ്ജക്റ്റ് കമ്മിറ്റി III-ന്റെ (ജലസേചനവും വിദ്യുച്ഛക്തിയും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

## ശുപാർശ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ

എസ്. സി./എസ്. ടി. ലക്ഷംവീട് കോളനികളിൽ സ്ഥാപിച്ചിട്ടുള്ളതും ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതുമായ കുടിവെള്ള പദ്ധതികളേയും എം.പി./എം.എൽ.എ. ഫണ്ട്/രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ മുഖേന നടപ്പിലാക്കിയതും ഉപഭോക്താക്കൾ നടത്തുന്നതുമായ കുടിവെള്ള പദ്ധതികളേയും 1-4-2007 മുതൽ ഗാർഹിക താരിഫിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി ബോർഡിന് പ്രതിവർഷം 7 കോടി രൂപയുടെ സാമ്പത്തിക നഷ്ടം കണക്കാക്കപ്പെടുന്നു. ബോർഡ് ഒരു വർഷം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 45000-ത്തോളം ഉപഭോക്താക്കൾക്ക് ഉദ്ദേശം 7.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി സൗജന്യമായി നൽകുന്നുണ്ട്. ഗാർഹിക കാർഷിക വിഭാഗത്തിൽ വരുന്ന ബി.പി.എൽ./എസ്.സി.-എസ്.ടി. ഉപഭോക്താക്കളുടെ മിനിമം ഗ്യാരണ്ടി തുക ഒഴിവാക്കി കൊടുക്കുന്നതിന് 9-5-2007-ലെ ബോർഡ് ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ബോർഡിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 16-4-2004-ലെ ഉത്തരവ് പ്രകാരം ശുപാർശ ചെയ്തിട്ടുള്ള 296 കോടിയും 23-3-2005-ലെ ഉത്തരവ് പ്രകാരം ശുപാർശ ചെയ്ത 51.31 കോടിയും സർക്കാരിൽ നിന്നും സബ്സിഡിയായി ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ യൂണിറ്റിന് 20 പൈസ കുറച്ചതുമൂലം ബോർഡിന് 2005-06-ൽ ഉണ്ടായ 30 കോടി രൂപയുടേയും 2006-07-ൽ ഉണ്ടായ 120 കോടി രൂപയുടെയും അധികബാധ്യത സർക്കാർ ഇതുവരെ നികത്തിയിട്ടില്ല. ഇപ്രകാരം റഗുലേറ്ററി കമ്മീഷൻ ഉത്തരവായ 497.31 കോടി രൂപ അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(ഖണ്ഡിക 40)

### സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 38 & 40)

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിലെ 38-ാം ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികളുടെ താരിഫ് മാറ്റം 9-5-2007-ലെ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഉത്തരവ് പ്രകാരമുള്ള മിനിമം ഗ്യാരണ്ടി തുക ഒഴിവാക്കൽ എന്നിവ പ്രകാരം 31-3-2010 വരെ ബോർഡിനുണ്ടായ അധികബാധ്യത യഥാക്രമം 16,36,48,846 രൂപയും 29,71,755 രൂപയുമാണെന്ന്

വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ തുകയും ഖണ്ഡിക 40-ൽ പരാമർശിക്കുന്ന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം അനുവദിക്കേണ്ട 497.31 കോടി രൂപയും ഉൾപ്പെടെ 513.97 കോടി രൂപ ബോർഡിന് അനുവദിച്ച് നൽകണമെന്നാണ് സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

19-9-2008-ലെ (എം.എസ്.) നമ്പർ 36/2008/ഊ.വ. സർക്കാർ ഉത്തരവ് പ്രകാരം താരിഫ് വർദ്ധന, സബ്സിഡി തുടങ്ങിയ ഇനങ്ങളിൽ ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കേണ്ട തുകയും ഇലക്ട്രിസിറ്റി ഡ്യൂട്ടി, സർച്ചാർജ്ജ് തുടങ്ങിയ വകയിൽ സർക്കാരിന് ലഭിക്കേണ്ട തുകയും ക്രമീകരിക്കുന്നത് (netting off of dues) സംബന്ധിച്ച് വീണ്ടും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് സെക്രട്ടറി, കെ.എസ്.ഇ.ബി. ചെയർമാൻ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ 23-3-2009-ൽ ചേർന്ന യോഗത്തിൽ കെ.എസ്.ഇ.ബി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവ 31-3-2008 വരെ വൈദ്യുതി ബോർഡ് അടയ്ക്കാനുള്ള ഡ്യൂട്ടി സംബന്ധിച്ച കണക്കുകൾ അനുരഞ്ജിപ്പിക്കുന്നതിന് (reconciliation) ശ്രമിക്കുന്നതാണെന്നും, ധനകാര്യ വകുപ്പ് സർക്കാരിന് നൽകേണ്ടതായി വൈദ്യുതി ബോർഡ് കാണിച്ചിട്ടുള്ള ഗാരന്റി കമ്മീഷൻ, ബാക്കി നിൽക്കുന്ന സംസ്ഥാന സർക്കാർ ലോൺ, സംസ്ഥാന സർക്കാരിന്റെ ലോണിന്മേലുള്ള പലിശ എന്നിവയുടെ തുക സംബന്ധിച്ചും പരിശോധിക്കുന്നതാണെന്നും ഉൾപ്പെടെയുള്ള തീരുമാനങ്ങൾ എടുത്തു. ഇത്തരത്തിൽ കണക്കുകൾ തമ്മിൽ അനുരഞ്ജിപ്പിച്ചതിനുശേഷം 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം വൈദ്യുതി ബോർഡിനെ ഒരു കോർപ്പറേറ്റ് കമ്പനിയാക്കി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കുന്നതും ആയത് ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കൈമാറ്റ പദ്ധതി (transfer scheme for re-vesting the assets and liabilities) യോടൊപ്പം അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി.

കെ. എസ്. ഇ. ബി. മാനേജിംഗ് കമ്മിറ്റിയുടെ സ്പെഷ്യൽ ഓഫീസർ 16-10-2009-ലെ RC/1/Transfer scheme/09 നമ്പർ കത്ത് പ്രകാരം 31-3-2008 വരെയുള്ള ബാദ്ധ്യതകളുടെ യഥാർത്ഥമായ അവലോകനത്തിന്റേയും അന്തിമ സാദ്ധ്യതകളുടെ (terminal liability) മൂല്യനിർണ്ണയത്തിന്റേയും അടിസ്ഥാനത്തിൽ കരട് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ) സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചു.

വൈദ്യുതി ബോർഡ് 22-7-2011-ലെ Annual Accounts/Netting off/10-11 നമ്പർ കത്ത് പ്രകാരം 31-3-2011 വരെ സർക്കാരിലേക്ക് ബോർഡ് നൽകാനുള്ള തുക കഴിച്ച് ബോർഡിന് ലഭ്യമാക്കേണ്ട തുക താൽക്കാലികമായി 2625.82 കോടി രൂപയാണെന്ന് അറിയിച്ചു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുകയും, 3-11-2011-ലെ ജി. ഒ. (എംഎസ്.) നമ്പർ 42/11/ഊ.വ. പ്രകാരം സർക്കാർ കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ)-ന് തത്വത്തിൽ അംഗീകാരം നൽകുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന് 3024 കോടി രൂപ അന്തിമ ബാദ്ധ്യതകൾ (Terminal liability) തീർക്കുന്നതിലേക്കുള്ള ധനസഹായം നൽകുമെന്നും നിയമപരവും ധനപരവുമായ വസ്തുതകളിന്മേലുള്ള പരിശോധന കൾക്കുശേഷം കൈമാറ്റ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതാണെന്ന് ഉത്തരവാകു കയും ചെയ്തു. ഈ ഉത്തരവ് പ്രകാരം വൈദ്യുതി ബോർഡിന് സർക്കാരിൽ നിന്ന് 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 65-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക സഹായമൊഴികെ ഏതെങ്കിലും സാമ്പത്തിക സഹായമോ ഗ്രാന്റോ മേലിൽ ബോർഡിന് അനുവദിക്കുന്നതല്ലെന്നും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

എന്നാൽ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിലെ 38-ാം ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആകെ അധിക ബാദ്ധ്യതയായ 16.66 കോടി രൂപ (16.36 കോടി + .2917 കോടി) പരസ്പര ബാദ്ധ്യതകൾ ക്രമീകരിക്കുന്നതിനുള്ള (Netting off of dues) നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ തുക മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം സബ്സിഡി ഇനത്തിൽ ബോർഡിന് ലഭിക്കേണ്ടതാണോ എന്നത് വ്യക്തമാക്കാനും 31-3-2011 വരെയുള്ള മുഴുവൻ കണക്കുകളും ഉൾപ്പെടുത്തി 3-11-2011-ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ബോർഡിന് സർക്കാരിൽ നിന്നും സബ്സിഡി ഇനത്തിൽ തുക ലഭിക്കാനുണ്ടെങ്കിൽ ആയവ സംബന്ധിച്ച പുതുക്കിയ നിർദ്ദേശം സമർപ്പിക്കുന്നതിനും വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോർഡിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം എടുക്കുന്നതാണ്.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ (ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

### ശുപാർശ

2230-01-102-99—വ്യവസായശാല ഡയറക്ടറാഫീസ്

ഈ ശീർഷകത്തിൽ '02 വേതനം' എന്നയിനത്തിൽ 59,000 രൂപയും '05 ഓഫീസ് ചെലവുകൾ' എന്നയിനത്തിൽ 46,000 രൂപയും '06 വാടക, കരം, നികുതി' എന്ന ഇനത്തിൽ 50,000 രൂപയും '21-1വാഹനം വാങ്ങൽ' എന്ന ഇനത്തിൽ കണ്ടം ചെയ്യേണ്ടതായ നാല് വാഹനങ്ങൾക്കുപകരം വാഹനം വാങ്ങുന്നതിനാവശ്യമായ തുകയും '21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്നയിനത്തിൽ 6,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

'02–വേതനം', '06–വാടക, കരം, നികുതി', 21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ മതിയായ സേവിംഗ്സ് ഉണ്ടായിരുന്നതിനാൽ അധികതുക അനുവദിക്കേണ്ടതായി വന്നില്ല. കൂടാതെ '05–ഓഫീസ് ചെലവുകൾ' 21-1 വാഹനം വാങ്ങൽ എന്നീ ഇനങ്ങളിൽ, വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ 2010-11 സാമ്പത്തിക വർഷം അധിക വിഹിതം അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

4500 തൊഴിലാളികൾക്ക് പെൻഷൻ തുക നൽകേണ്ടതിനാലും ക്ഷേമ പെൻഷൻ തുക 50 രൂപ കണ്ട് വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1,75,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

3-9-2011-ലെ സ.ഉ. (എംഎസ്.) 149/2011/തൊഴിൽ പ്രകാരം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് പദ്ധതി-പദ്ധതിയിതര തൊഴിലാളികൾക്ക് 1,59,32,000 രൂപ ഏപ്രിൽ 2011 മുതൽ സെപ്റ്റംബർ 2011 വരെ പെൻഷൻ നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

## 2009-2011 കാലയളവിലെ സബ്ജക്റ്റ് കമ്മിറ്റി VI (സാമൂഹ്യസേവനം)-ൽ നിന്നും കൈമാറി ലഭിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

ശുപാർശ

2810-60-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

കേരളത്തിൽ വളരെ ഫലപ്രദമായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന സെന്ററിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ മെച്ചപ്പെട്ട രീതിയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 220 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ അനുസരിച്ച് അധികമായി തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം അധികം തുക അനുവദിക്കുകയുണ്ടായില്ല.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശുപാർശ

2210-01-102-99—ഭരണവിഭാഗം

വെള്ളക്കരത്തിന്റെ നിരക്കിൽ വർദ്ധനവുവന്നിരിക്കുന്ന സാഹചര്യത്തിൽ വെള്ളക്കരം ഇനത്തിൽ 1,10,000 രൂപയും ഓഫീസ് കമ്പ്യൂട്ടർവത്ക്കരിച്ചതിനെ തുടർന്ന് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുത ചെലവ് എന്ന ഇനത്തിൽ 15,000 രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിലേയും ഈ വകുപ്പിന്റെ കീഴിലുള്ള മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേയും വെള്ളക്കരം, വൈദ്യുതി ചാർജ്ജ് തുടങ്ങിയവ 2210-01-102-99 എന്ന ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ഈ ചെലവിനങ്ങളിലായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് കർശനമായ മിതവ്യയം പാലിച്ചതിനാൽ പ്രതീക്ഷിച്ചതിലും കുറഞ്ഞ ചെലവ് മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. ആയതിനാൽ അനുവദിച്ച ബഡ്ജറ്റ് തുകയായ 10.96 ലക്ഷം രൂപയ്ക്കുള്ളിൽ തന്നെ മൊത്തം ചെലവ് നിയന്ത്രിക്കാൻ കഴിഞ്ഞതുമൂലം സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയുടെ ആവശ്യം വന്നില്ല.

ശുപാർശ

2210-01-102-98—ഡിസ്പെൻസറികൾ

ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളുടേയും 137 ഡിസ്പെൻസറികളുടേയും പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. വെള്ളക്കരം ഇനത്തിൽ 8,00,000 രൂപയും കമ്പ്യൂട്ടർവൽക്കരണത്തെ തുടർന്ന് ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുതി ചെലവ് ഇനത്തിൽ 28,00,000 രൂപയും ഉൾപ്പെടെ 36,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ പ്രകാരം വൈദ്യുതി ഇനത്തിൽ 17-1-2012-ലെ സ.ഉ. (ആർറ്റി.) നമ്പർ 506/2012/ധന. പ്രകാരം ഇരുപത്തിയഞ്ച് ലക്ഷം രൂപയും വെള്ളക്കരത്തിനായി 13-1-2012-ലെ സ. ഉ. (ആർറ്റി.) നമ്പർ 429/2012/ധന. പ്രകാരം പത്ത് ലക്ഷം രൂപയും അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ അനുവദിച്ച് നൽകിയ തുക മുപ്പത്തിയഞ്ച് ലക്ഷം രൂപ)

ശുപാർശ

2210-01-102-96—ഇ. എസ്. ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

ഡ്രഗ്സ് ആന്റ് ഡ്രസിംഗ്സ് എന്ന ഇനത്തിൽ ഇരുപത്തിയെട്ട് ലക്ഷം രൂപയും ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടാകുന്ന ഐ.പി.-കളുടെ വർദ്ധനവുമൂലം ചെലവ് വർദ്ധിക്കുന്നതിനാലും കഴിഞ്ഞ വർഷത്തേതുൾപ്പെടെ ധാരാളം മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളിൽ തുക നൽകേണ്ടതുള്ളതിനാലും മെഡിക്കൽ ക്ലെയിംസിന്റെ റീഇംബേഴ്സ്മെന്റ് എന്ന ഇനത്തിൽ 169.78 ലക്ഷം രൂപയും ഉൾപ്പെടെ 197.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ഡ്രഗ്സ് ആന്റ് ഡ്രസിംഗ്സിനുവേണ്ടി 2011-12-ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ നിന്നുള്ള ചെലവേ വന്നിട്ടുള്ളൂ. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയായ ഇരുപത്തിയെട്ട് ലക്ഷം രൂപയുടെ ആവശ്യകത വന്നിട്ടില്ല. സമിതി ശുപാർശ ചെയ്തതുപ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 17-1-2012-ലെ സ.ഉ. (ആർറ്റി.) നമ്പർ 506/2012/ധന. പ്രകാരം 1,00,00,000 രൂപ (ഒരു കോടി രൂപ) അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് ഓഫീസ് ചെലവുകൾ ഇനത്തിൽ 33,500 രൂപയും, ശമ്പളപരിഷ്കരണം നടപ്പാക്കിയതുമൂലം വന്ന അധികച്ചെലവ് പരിഗണിച്ച വേതനം ഇനത്തിൽ 25,000 രൂപയും വൈദ്യുതി ചെലവ് ഇനത്തിൽ 6,000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ ഇൻഷ്വറൻസ് പ്രീമിയം കുടിശ്ശിക ആയിട്ടുള്ള ബില്ലുകൾ അടവു വരുത്തുന്നതിനായി 15,000 രൂപയും ഉൾപ്പെടെ 79,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

14-9-2011-ലെ സ. ഉ. (സാധാ.) നമ്പർ 6988/2011/ധന. ഉത്തരവ് പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് 34,000 രൂപയും 9-1-2012-ലെ സ. ഉ. (സാധാ.) നമ്പർ 251/2012/ധന. ഉത്തരവ് പ്രകാരം 02-വേതനം ഇനത്തിൽ 30,000 രൂപയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 8,000 രൂപയും 7-1-2012-ലെ സ. ഉ. (സാധാ.) നമ്പർ 223/2012/ധന. പ്രകാരം മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 15,000 രൂപയും ചേർത്ത് 79,800 രൂപ അനുവദിക്കുകയും ശുപാർശ 7 പൂർണ്ണമായി നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2230-01-101-94—വ്യവസായ ട്രിബ്യൂണൽ, കൊല്ലം

കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ശമ്പള പരിഷ്കരണംമൂലം ഉണ്ടായ അധികബാദ്ധ്യത നേരിടുന്നതിന് വേതനം ഇനത്തിൽ 12,000 രൂപയും, യാത്രാ ചെലവുകൾ ഇനത്തിൽ യാത്രാബത്ത പരിഷ്കരിച്ചതിനാലും ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധിക ചുമതല വഹിക്കുന്നതിനാലും 60,000 രൂപയും, ഓഫീസ് ചെലവുകളിൽ ഇന്റർനെറ്റ് കണക്ഷനെടുത്തതിനാൽ ടെലിഫോൺ ചെലവ് ഇനത്തിൽ, 3,000 രൂപയും, മറ്റിനങ്ങൾക്കായി 30,000 രൂപയും, റെക്കോർഡ് റൂം നിർമ്മിക്കുന്നതിനും ഫർണിച്ചർ മാറ്റി ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും 1,00,000 രൂപയും, ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധിക ചുമതല വഹിക്കുന്നതിനാൽ പി.ഒ.എൽ. ഇനത്തിൽ 1,13,000 രൂപയും ഉൾപ്പെടെ ആകെ 3.18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2-11-2011-ലെ സ.ഉ. (സാധാ.) നമ്പർ 8037/2011/ധന. ഉത്തരവ് പ്രകാരം യാത്രാബത്ത ഇനത്തിൽ 80,000 രൂപയും 29-3-2012-ലെ 2854/12/ധന. പ്രകാരം ടെലിഫോൺ ചാർജ്ജിനത്തിൽ 4,000 രൂപയും 2-11-2011-ലെ സ.ഉ. (സാധാ.) 8035/2011/ധന. പ്രകാരം പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഓഫീസ് ആധുനികവത്കരിക്കുന്നതിനുള്ള തുക 2011-12 ബഡ്ജറ്റിൽ അനുവദിക്കാൻ കഴിയാത്തതിനാൽ പുതുക്കിയ ശുപാർശ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ശുപാർശ 8-ലെ ഭൂരിഭാഗം നിർദ്ദേശങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

ശുപാർശ

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

കൊല്ലം ലേബർ കോടതിയുടെ ശമ്പളം ഇനത്തിൽ 1,00,000 രൂപയും മറ്റ് അലവൻസുകൾക്ക് 73,000 രൂപയും, വേതനം ഇനത്തിൽ 75,000 രൂപയും ടെലിഫോൺ ചെലവിനത്തിൽ 25,000 രൂപയും മറ്റിനങ്ങൾക്കായി 50,000 രൂപയും ഉൾപ്പെടെ 3.23 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

7-1-2012-ലെ സ.ഉ. (സാധാ.) നമ്പർ 224/12/ധന. പ്രകാരം വേതനം ഇനത്തിൽ 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

കോഴിക്കോട് ലേബർ കോടതിക്ക് വേതനം ഇനത്തിൽ 26,000 രൂപയും വൈദ്യുതി ചെലവിനത്തിൽ 15,000 രൂപയും ഉൾപ്പെടെ 41,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

7-1-2012-ലെ സ.ഉ. (സാധാ.) നമ്പർ 222/12/ധന. 24-3-2012-ലെ സ.ഉ. (സാധാ.) നമ്പർ 2542/12/ധന. എന്നിവ പ്രകാരം വേതനം ഇനത്തിൽ 26,000 രൂപയും വൈദ്യുതി ചെലവിനത്തിൽ 13,000 രൂപയും ചേർത്ത് ശുപാർശ ചെയ്ത 41,000 രൂപയിൽ 39,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2230-01-101-91—ലേബർ കോടതി, എറണാകുളം

എറണാകുളം ലേബർ കോടതിക്ക് മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 20,000 രൂപയും റിട്ടയർ ചെയ്ത പ്രിസൈഡിംഗ് ഓഫീസർക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതിലേക്കായി പ്രസ്തുത ഇനത്തിൽ 17,950 രൂപയും ഉൾപ്പെടെ 37,950 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം തൊഴിൽ കോടതി ട്രാൻസ്ഫർ ഗ്രാന്റിനത്തിൽ 10,000 രൂപ മതിയെന്ന് അഭ്യർത്ഥിച്ചതിനെ തുടർന്ന് 21-7-2011-ലെ സഉ. (സാധാ.) നമ്പർ 5751/11/ധന. പ്രകാരം തുടർന്ന് ടി ശീർഷകത്തിൽ 10,000 രൂപ അനുവദിച്ചിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-01-101-89—ലേബർ കോടതി, കണ്ണൂർ

കണ്ണൂർ ലേബർ കോടതിക്ക് ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 30,000 രൂപയും, വെള്ളക്കരം ഇനത്തിൽ 2000 രൂപയും പ്രിസൈഡിംഗ് ഓഫീസർക്ക് കോഴിക്കോട്, കൊല്ലം, എറണാകുളം തൊഴിൽ കോടതികളുടെ അധിക ചുമതല കൂടി ഉള്ളതിനാൽ പി.ഒ.എൽ. ഇനത്തിൽ 50,000 രൂപയും രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മറ്റിനത്തിൽ 90,000 രൂപയും ഉൾപ്പെടെ 1.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

22-9-2011-ലെ സ.ഉ. (സാധാ.) നമ്പർ 7122/11/ധന. പ്രകാരം ട്രാൻസ്ഫർ ടി. എ. ഇനത്തിൽ 21,000 രൂപയും വാട്ടർ ചാർജ്ജസ് ഇനത്തിൽ ശുപാർശ ചെയ്ത മുഴുവൻ തുകയായ 2000 രൂപയും POL ഇനത്തിൽ 50,000 രൂപയും അനുവദിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്.

ശുപാർശ

2230-01-101-85—വ്യവസായ ട്രിബ്യൂണൽ, പാലക്കാട്

പാലക്കാട് ട്രിബ്യൂണലിന് വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 16,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

ശുപാർശ ചെയ്തതിൻപ്രകാരം വാടക കുടിശ്ശിക ഇനത്തിൽ 16,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അതിനാൽ ശുപാർശ പൂർണ്ണമായും നടപ്പിലാക്കിയിട്ടുള്ളതാണ്.

ശുപാർശ

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

മരംകയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതന് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 77 ലക്ഷം രൂപ ജനുവരി 2010 വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. 2010 ഫെബ്രുവരി മുതൽ 2012 മാർച്ച് വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

മരംകയറ്റ തൊഴിലാളികൾക്ക് ജൂലൈ 2011 വരെയുള്ള എക്സ്-ഗ്രേഷ്യാ സാമ്പത്തിക സഹായം നൽകുന്നതിലേക്കായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് (85 ലക്ഷം രൂപ) പുറമേ 1,00,30,000 (ഒരു കോടി മുപ്പതി നായിരം രൂപ മാത്രം) അഡീഷണൽ ആതറൈസേഷൻ വഴി (ആകെ 1,85,30,000 രൂപ) 2-9-2011-ലെ സ.ഉ. (എംഎസ്.) 144/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നീക്കിയിരുപ്പുള്ള ബാക്കി തുക വിതരണം ചെയ്യുന്നതിന് 16-11-2011-ലെ സ.ഉ.(സാധാ.) 1745/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിട്ടുണ്ട്. 2012 മാർച്ച് വരെയുള്ള സഹായം നൽകുന്നതിനായിട്ടാണ് രണ്ടുകോടി രൂപ ആവശ്യപ്പെട്ടിരുന്ന തെന്നും 2-9-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്ജറ്റ് വിഹിതമുൾപ്പെടെ 1,85,30,000 രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ തുക ആവശ്യമായി വരുകയുള്ളുവെന്നും ലേബർ കമ്മീഷണർ അറിയിച്ചിരിക്കുന്നു. 2011-12 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ 2012-13 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശുപാർശ

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

മറ്റ് ക്ഷേമനിധിയുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനമാണ് ഈ ശീർഷകത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. അംശദാനം നൽകുന്ന തിന് 39,82,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ 29.82 ലക്ഷം രൂപ കൂടി അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ഫൈനൽ SDG കഴിഞ്ഞതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-12 സാമ്പത്തിക വർഷം പരിഗണിക്കാനായില്ല. 2012-13 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാനായി പുതിയ പ്രൊപ്പോസൽ നൽകുവാൻ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയോടാവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

2230-01-103-86—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ പദ്ധതികളും

16,048 പെൻഷനേഴ്സുള്ള ഈ സ്ഥാപനത്തിൽ ഒരുവർഷം പെൻഷൻ നൽകുവാൻ 8,08,81,920 രൂപ വേണ്ടിവരും. ആയതിനാൽ 47,33,000 രൂപ അധിക മായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള പെൻഷൻകാർക്ക് പെൻഷൻ തുക വിതരണം ചെയ്യുന്നതിനായി 1,33,20,000 രൂപ 2-9-2011-ലെ ജി.ഒ. (എംഎസ്.) 143/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചു നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2011-12 ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുള്ള 20,00,000 രൂപ 30-3-2012-ലെ ജി.ഒ. (ആർറ്റി.) 487/2012/തൊഴിൽ നമ്പർ പ്രകാരം ബോർഡിന് അനുവദിച്ച് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക സബ്ജക്റ്റ് കമ്മിറ്റി ആവശ്യപ്പെട്ടതിലും അധികമാണ്.

ശുപാർശ

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

2010-11-ൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക 2010 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകുന്നതിന് മാത്രമേ കഴിഞ്ഞിട്ടുള്ളൂ. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള പെൻഷന് ആവശ്യമായ 5,89,680 രൂപ ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ചെലവഴിക്കുകയും ആയത് ഇപ്പോൾ അനുവദിച്ചിട്ടുള്ള 7 ലക്ഷം രൂപയിൽ നിന്നും സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ ഇനത്തിൽ 1,10,320 രൂപ മാത്രമേ നീക്കിയിരിപ്പുള്ളൂ. ക്ഷേമ പെൻഷനുകൾ 400 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ 351 തൊഴിലാളികളുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 16,59,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

2230-01-103-73—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം

ക്ഷേമ പെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 147.17 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ബീഡി-ചുരുട്ട്, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പെൻഷൻ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച സമയത്ത് 2011-12-ലെ അവസാന SDG-ക്ക് അന്തിമ രൂപമായതിനാലും അധിക ചെലവ് അനുവദിച്ചാൽ ക്രമീകരിക്കാനുള്ള സാദ്ധ്യത സേവിംഗ്സിന്റെ അഭാവത്താൽ 2011-12 വർഷം ഇല്ലാത്തതിനാലും പെൻഷൻ ശുപാർശ ഈ വർഷം അംഗീകരിക്കാൻ നിർവ്വാഹമില്ല. ടി ചെലവുകൾ അടുത്ത സാമ്പത്തികവർഷം (2012-13) ആദ്യംതന്നെ വിനിയോഗിക്കുന്നതാണ്.

(ഖണ്ഡിക 22 & 23)

ശുപാർശ

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്—അംശദാനം

തൊഴിലാളികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന അംശദായത്തിന് തുല്യമായ മാച്ചിംഗ് ഗ്രാന്റ് ലഭിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2010-11-ൽ ഈ ഇനത്തിൽ ബോർഡിന് 7,61,69,506 രൂപ ലഭിച്ചിട്ടുള്ളതിനാൽ തുല്യമായ തുകയ്ക്ക് അർഹതയുണ്ട്. ആയതിനാൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം കിഴിച്ച് ബാക്കിയുള്ള 700.70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സർക്കാർ സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ബോർഡിന് സംഭാവന ഇനത്തിൽ വകയിരുത്തിയിരുന്ന 61.00 ലക്ഷം രൂപ 7-12-2011-ലെ സ. ഉ. (സാധാ.) 1802/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ബോർഡിന് പിൻവലിച്ച് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 28-1-2011-ലെ 21766/ലെജ്.സി.2/09/നിയമം (ഭേദഗതി) ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിന് തുല്യമായ ഒരു തുക സർക്കാർ വർഷംതോറും ഗ്രാന്റായി നിധിയിലേക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത ആക്റ്റ് പ്രകാരം 28-1-2011-ന് ശേഷം പിരിച്ചെടുത്ത അംശദായ വിഹിതത്തിന് തുല്യമായ തുകയാണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കുന്നതെന്നും, കർഷക തൊഴിലാളികളിൽ നിന്നും അംശദായമിനത്തിൽ ശേഖരിച്ച 7.61 കോടി രൂപ ഈ കാലയളവിന് ശേഷമാണോ പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം ചീഫ് എക്സിക്യൂട്ടീവിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പ് 2011-12 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 700.70 ലക്ഷം രൂപ എസ്.ഡി.ജി. ആയി അനുവദിച്ചിട്ടില്ല.

ശുപാർശ

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്—അംശദാനം

ക്ഷേമ പെൻഷൻ 100 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 289.45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സർക്കാർ സ്വീകരിച്ച നടപടി

ബീഡി-ചുരുട്ട്, ഈറ്റ, കാട്ടുവള്ളി തുടങ്ങിയ പെൻഷൻ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ച സമയത്ത് 2011-12-ലെ അവസാന SDG-ക്ക് അന്തിമരൂപമായതിനാലും അധിക ചെലവ് അനുവദിച്ചാൽ ക്രമീകരിക്കാനുള്ള സാദ്ധ്യത സേവിംഗ്സിന്റെ അഭാവത്താൽ 2011-12 വർഷം ഇല്ലാത്തതിനാലും പെൻഷൻ ശുപാർശ ഈ വർഷം അംഗീകരിക്കാൻ നിർവ്വാഹമില്ല. ടി ചെലവുകൾ അടുത്ത സാമ്പത്തിക വർഷം (2012-13) ആദ്യം തന്നെ വിനിയോഗിക്കുന്നതാണ്.

ശുപാർശ

2230-01-103-61—കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി

927 പെൻഷനേഴ്സ് ഉള്ളതിനാൽ പെൻഷന് മാത്രം 46,72,000 രൂപ ആവശ്യമായി വരും. ആയതിനാൽ 29,72,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക ധനവകുപ്പിൽ ലഭിച്ചപ്പോഴേക്കും 2011-12 സാമ്പത്തിക വർഷത്തെ അവസാന SDG-യ്ക്ക് രൂപം നൽകിക്കഴിഞ്ഞിരുന്നു. ആയതിനാൽ സമിതിയുടെ ശുപാർശ SDG-യിൽ ഉൾപ്പെടുത്താനായില്ല.

ശുപാർശ

2230-01-103-55—സാമൂഹ്യസുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈക്കൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന സംസ്ഥാനത്തെ എഴുത്തച്ഛൻ, ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമപെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന ഒരു പദ്ധതിയാണിത്. ഏകദേശം 3384 പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിക്ക് ഈ സാമ്പത്തികവർഷം നിലവിലെ നിരക്കിൽ പെൻഷൻ നൽകുന്നതിന് 1,70,55,360 രൂപ ആവശ്യമുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുവാൻ 64 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത അധിക തുക 2011-12 സാമ്പത്തിക വർഷം SDG-ൽ ഉൾപ്പെടുത്താനായില്ല.

ശുപാർശ

2230-01-103-35—കേരള ചുമട്ടു തൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം) ക്ഷേമപദ്ധതി

ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ പല വിഭാഗങ്ങളിലായുള്ള ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയുടെ ചെലവിനുള്ളതാണ്. ഈ ശീർഷക ത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിനു കീഴിലുള്ള ചുമട്ടു തൊഴിലാളികൾക്കായി ക്ഷേമ പദ്ധതിയുടെ ചെലവിനായി 2230-01-103-35 (നോൺ പ്ലാൻ) ശീർഷകത്തിൽ സമിതി ശുപാർശ ചെയ്തിട്ടുള്ള 2 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണ്.

ശുപാർശ

2230-01-103-34—കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷക ത്തിൽ 1.56 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

3-2-2011-ലെ സ.ഉ. (സാധാ.) 189/11/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2005-06 സാമ്പത്തിക വർഷം വരെ സർക്കാർ ഗ്രാന്റായി ലഭിക്കേണ്ട 1,56,300 രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ തുക റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചു നൽകുവാൻ ലേബർ കമ്മീഷണർ നൽകിയ ശുപാർശയിന്മേൽ 21-1-2012-ലെ സ.ഉ. (സാധാ.) 611/12/ധന. നമ്പർ ഉത്തരവ് പ്രകാരം 2230-01-103-34-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ കേരള ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിക്ക് 1,56,000 രൂപ റീ-അപ്രോപ്രിയേഷനിലൂടെ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ക്രമീകരിക്കണമെന്ന വ്യവസ്ഥയിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

2230-01-103-27—അവശരായ മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം

കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരത്തിൽ നിന്നും വീണ് പരിക്ക് ഏൽക്കുകയോ, മരണം സംഭവിക്കുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. അപകടം സംഭവിച്ചാൽ അനാഥമാകുന്ന കുടുംബത്തിന് ഒരു സഹായമായി, അപകടം സംഭവിച്ച തൊഴിലാളികൾക്ക് ശേഷിക്കുന്ന ജീവിതകാലം മുഴുവൻ പെൻഷൻ നൽകുവാനും, മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിക്കുന്ന ക്ഷേമപെൻഷനുകളുടെ തുകയിൽ കുറയാത്ത തുക അനുവദിക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. 1981 മുതൽ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികൾക്ക് ഈ ആനുകൂല്യം കൊടുക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

20-1-2012-ലെ സ.ഉ. (പി) നമ്പർ 10/2012/തൊഴിൽ ഉത്തരവ് പ്രകാരം 2012-ലെ കേരള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി രൂപീകരിക്കുകയും ഈ ഇനത്തിൽ 2011-12-ലെ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 125 ലക്ഷം രൂപ 20-1-2012-ലെ സ.ഉ. (സാധാ.) നമ്പർ 109/2012/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ആനുകൂല്യത്തിന്റെ പ്രാബല്യം എന്നുമുതൽ നടപ്പിൽ വരുത്തണമെന്നത് സംബന്ധിച്ച് തീരുമാനത്തിനായി 24007/ആർ2/11/തൊഴിൽ നമ്പർ ഫയൽ സർക്കാരിന്റെ പരിഗണനയിലാണ് എന്ന വിവരം അറിയിക്കുന്നു.

ശുപാർശ

2230-01-103-25—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

നിലവിൽ കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പ്രസവാനുകൂല്യം, തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളം നിലനിർത്തിക്കൊണ്ടാണ് നൽകുന്നത്. ഈ ആനുകൂല്യം വിവിധ ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത തോതിൽ 500 മുതൽ 3000 രൂപ വരെയാണ് നൽകുന്നത്. ഇത്തരം ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും, അർഹതപ്പെട്ട കുറഞ്ഞവേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന 330 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

'2230-01-103-25—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ' എന്ന ശീർഷകത്തിൽ 2011-12 സാമ്പത്തികവർഷം വകയിരുത്തിയിരുന്ന 330 ലക്ഷം രൂപ മാത്രമേ അനുവദിക്കാൻ കഴിഞ്ഞുള്ളൂ. 27-3-2012-ലെ ജി.ഒ. (എംഎസ്.) 52/2012/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി നടപ്പിൽ വന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിൽവന്നത്. എന്നതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ പ്രകാരം അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

<u>ശുപാർശ</u>

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റിലെ പദ്ധതിയിതര ഇനത്തിൽപ്പെട്ട 91 സബ് ഓഫീസുകളുടെയും, ഡയറക്ടറേറ്റിന്റെയും, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, കെട്ടിടവാടക എന്നീ ഇനങ്ങൾക്ക് വേണ്ടിയുള്ള തുകയാണിത്. എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-11-ൽത്തന്നെ ടെലിഫോൺ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 11.38 ലക്ഷം രൂപയും, കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിവര സാങ്കേതിക വിദ്യ ഇനത്തിൽ 7 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് 1,11,77,000 രൂപയും, സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 3,30,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 4,61,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>ശുപാർശ</u>

2230-02-001-98—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും</u>

സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 4.59 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപയ്ക്ക് പുറമെ 359 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 35 & 36)

2011-12 ബഡ്ജറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി 1 കോടി രൂപ വകയിരുത്തിയിരുന്നു. വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ തുക അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല.

ശുപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി

നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് 2010-11-ൽ പുതിയതായി അനുവദിച്ചിട്ടുള്ള ഈ പദ്ധതിപ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം വരുമാനമുള്ള വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വിവാഹംകഴിക്കാത്ത അമ്മമാർ എന്നിവർക്ക് സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനായി 50% സബ്സിഡിയോടുകൂടി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. 2011-12-ലേക്ക് ഈ പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിക്കായി 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ശരണ്യ പദ്ധതിക്ക് 350 ലക്ഷം രൂപകൂടി 2011-12 വർഷം അനുവദിച്ചു നൽകണമെന്ന് സമിതി ശുപാർശയിന്മേൽ നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതം (1.5 കോടി) പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞശേഷം അധികതുക ആവശ്യമെങ്കിൽ അതിനുള്ള ശുപാർശ സമർപ്പിക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിരുന്നത് എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ടായിരുന്നു.

എന്നാൽ ശരണ്യ സ്വയംതൊഴിൽ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1.5 കോടി രൂപയിൽ അവസാന ഗഡുവായ 50 ലക്ഷം രൂപ 23-3-2012-ലെ സ.ഉ. (സാധാ.) 445/2012/തൊഴിൽ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ പ്ലാൻ വിഹിതമായ 1.5 കോടി രൂപ തനത് സാമ്പത്തിക വർഷം അവസാനിക്കാറായപ്പോൾ മാത്രമായിരുന്നു മൊത്തമായും അനുവദിച്ചു നൽകിയത്. ആയതിനാൽ അധികതുക 2011-12 സാമ്പത്തികവർഷം എംപ്ലോയ്മെന്റ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടില്ല.

ശുപാർശ

2230-03-001-97—ആസൂത്രണ നിരീക്ഷണവിഭാഗം—നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ. ടി. ഐ.-കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

20 ലക്ഷം അനുവദിച്ചതിൽ മാർച്ച് മാസം വരെ 19,99,938 രൂപയേ ചെലവഴിച്ചിട്ടുള്ളൂ. 2011-12 വർഷം അംഗീകരിക്കാത്ത പദ്ധതികൾ 2012-13-ലെ ബഡ്ജറ്റ് ശുപാർശയിൽ ഉൾപ്പെടുത്തിയിരുന്നതിനാൽ അധികതുക അനുവദിക്കുന്നതിനായി മറ്റ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-101-87—ഐ. ടി. ഐ.-കളുടെ നവീകരണം

സംസ്ഥാനത്തെ ഐ. ടി. ഐ.-കളിൽ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ. ടി. ഐ.-കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.ടി.-യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് വേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ. ടി. ഐ.-കളിൽ തൊഴിൽസാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻ വർഷങ്ങളിൽ ആരംഭിച്ച ഐ. ടി. ഐ.-കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 579.20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

1850 ലക്ഷം രൂപ അനുവദിച്ചതിൽ 2012 മാർച്ച് മാസം വരെ 462 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചുള്ളൂ. ആയതിനാൽ അധികതുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്തപ്രകാരം അധികംതുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03-101-80—പുതിയ ഐ. ടി. ഐ.-കൾ സ്ഥാപിക്കൽ

സംസ്ഥാനത്ത് പുതിയ ഐ. ടി. ഐ.-കൾ തുടങ്ങുന്നതിനാവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പുതുതായി ഐ. ടി. ഐ.-കൾ തുടങ്ങുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളുടെ സംഭരണം, ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നതിൽ 75 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും 25 ലക്ഷം രൂപ പദ്ധതിയിനത്തിലും കൂടി ആകെ 100 ലക്ഷം രൂപ അധികമായി എസ്. ഡി. ജി.-യിൽ അനുവദിക്കുകയുണ്ടായി.

ശുപാർശ

2230-03-101-79—കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ നവ ഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണത്തിനും പരിശീലനത്തിനുമായി 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 5 കോടി രൂപയിൽ 1 കോടി രൂപയ്ക്ക് താഴെ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നതിനാൽ അധികതുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചില്ല.

ശുപാർശ

2230-03-101-76—പ്രത്യേക തൊഴിൽ പരിശീലനം

വ്യവസായ ശാലകളിൽ പ്രവർത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. ഡിപ്ലോമ/ഡിഗ്രി പാസ്സായവർക്കും ആധുനിക ഉപരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുന്ന ഈ പരിപാടിക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 67 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10 ലക്ഷം രൂപ അനുവദിച്ചതിൽ 9,10,224 രൂപ മാത്രമേ 2012 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുള്ളൂ. കൂടാതെ ശേഷിക്കുന്ന സംഭരണം 2012-13-ലെ ബഡ്ജറ്റ് ശുപാർശയിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ അധികതുക അനുവദിക്കുന്നതിനായി മറ്റ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

2230-03-800-94—<u>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്</u>

സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 21.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കിലെയ്ക്കു 2011-2012 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 12.77 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 60 ലക്ഷം രൂപയും അനുവദിച്ചിരുന്നു. വിഭവ ദൗർലഭ്യം കാരണം അധികതുക അനുവദിച്ചിരുന്നില്ല.

<u>ശുപാർശ</u>

2230-03-800-85—<u>എംപ്ലോയ്മെന്റുകളും ഫിനിഷിംഗ് സ്കൂളുകളും</u>

തൊഴിലന്വേഷകർക്ക് പ്രാവീണ്യം ലഭ്യമാകുന്ന പരിശീലനം നൽകുന്നതിനുള്ള ഈ പദ്ധതി സംസ്ഥാനത്തെ 14 ഐ.ടി.ഐ.-കളിൽ നടപ്പാക്കിവരുന്നു. നിലവിൽ പരിശീലനം നടത്തി വരുന്നവർക്കുൾപ്പെടെ, എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

50 ലക്ഷം രൂപ അനുവദിച്ചതിൽ 48,41,692 രൂപ മാത്രമേ 2012 മാർച്ച് മാസം വരെ ചെലവഴിച്ചിട്ടുള്ളൂ. ആയതിനാൽ, അധികതുക അനുവദിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല.

ശുപാർശ

2230-03—സബ്മേജർ ഹെഡ്സ് 03 പരിശീലനം-പദ്ധതിയിതര ചെലവുകൾ

2230-03—സബ്മേജർ ഹെഡ്ഡിൽ പദ്ധതിയിതര ചെലവുകളിൽ അധികമായി 12,03,54,000 രൂപ താഴെപ്പറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു:

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

| | |
|---|---|
| 02—വേതനം<br>2230-03-001-99—9,000 രൂപ | 6-9-2011-ലെ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവു പ്രകാരം 1,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 04—യാത്രാച്ചെലവുകൾ<br>2230-03-001-99—20,500 രൂപ | 2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവു പ്രകാരം 75,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-001-98—6000 രൂപ | 29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവു പ്രകാരം 5,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-101-99—17,47,000 രൂപ | 25-2-2012-ലെ ജി.ഒ. (ആർടി.) 1704/12/ഫിൻ. ഉത്തരവു പ്രകാരം 10,00,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിച്ചു. |
| 2230-03-101-98—38,000 രൂപ | 29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവു പ്രകാരം 83,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-101-96—48,300 രൂപ | 2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവു പ്രകാരം 43,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |

| | |
|---|---|
| 2230-03-101-76—13,000 രൂപ | 29-3-2012-ലെ ജി.ഒ. (ആർടി.) 2832/12/ഫിൻ. ഉത്തരവു പ്രകാരം 4,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-102-99—40,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 05—ഓഫീസ് ചെലവുകൾ<br>2230-03-001-99—1,80,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-001-98—7,000 രൂപ | 2-2-2012-ലെ ജി.ഒ. (ആർടി.) 972/12/ഫിൻ. ഉത്തരവു പ്രകാരം 25,000 രൂപയും 6-9-2011-ൽ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവു പ്രകാരം 1000 രൂപയും റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-101-99—13,72,000 രൂപ | 6-9-2011-ൽ ജി.ഒ. (ആർടി.) 6868/11/ഫിൻ. ഉത്തരവു പ്രകാരം 4,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-101-98—9,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-96—37,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-76—2,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |

| | |
|---|---|
| 2230-03-102-99—33,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |
| 06—വാടക, കരം, നികുതി<br>2230-03-102-99—3,55,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |
| 12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും<br>2230-03-101-99—23,88,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |
| .2230-03-101-98—1,83,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-96—50,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 17—ചെറുകിട മരാമത്ത് പണികൾ<br>2230-03-001-99—930,00,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 21—മോട്ടോർ വാഹനങ്ങൾ<br>2230-03-001-99—10,33,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികതുക അനുവദിച്ചിട്ടില്ല. |
| 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ<br>2230-03-101-98—12,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |

| | |
|---|---|
| 2230-03-101-96—5,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-102-99—1,75,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 34-മറ്റ് ചെലവുകൾ<br>2230-03-001-99—4,40,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-99—1,68,67,000 രൂപ | 2-2-2012-ലെ ജി.ഒ.(ആർടി.) 972/12/ഫിൻ. ഉത്തരവു പ്രകാരം 3,00,000 രൂപ റീഅപ്രോപ്രിയേഷൻ മുഖേന അനുവദിച്ചു. |
| 2230-03-101-98—4,22,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-96—2,55,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-76—10,300 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-102-99—13,01,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |

| | |
|---|---|
| 45-പി. ഒ. എൽ.<br>2230-03-001-99—53,000 രൂപ | ഫണ്ടിന്റ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-99—53,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |
| 2230-03-101-98—6,000 രൂപ | ഫണ്ടിന്റെ ആവശ്യകത കുറവായതിനാൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല. |

**ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേയ്സ്മെന്റ് സെൽ (പുതിയ സ്കീം)**

ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ, ഫോൺലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്, ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേയ്സ്മെന്റ സെൽ രൂപീകരിക്കുന്നതിന് ആവശ്യമുളള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും, സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും, സൗകര്യം ഒരുക്കുന്നതിനുമായി 71 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

ടി പദ്ധതി 2012-13 വർഷത്തെ ബഡ്ജറ്റ് ശുപാർശയിൽ ഉൾപ്പെടുത്തിയതിനാൽ അധികതുക അനുവദിക്കുന്നതിനുളള നടപടികൾ 2011-12 വർഷം സ്വീകരിച്ചില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികംതുക അനുവദിച്ചിട്ടില്ല.

**കൊല്ലത്തും എറണാകുളത്തും റീജിയണൽ ഡയറക്ടറേറ്റ്**

സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിൽ 38 ഐ.ടി.ഐ.-കൾ പുതിയതായി പ്രവർത്തനം ആരംഭിക്കുകയും 7 ഐ.ടി.ഐ.-കൾ ഒന്നാംനിര ഐ.ടി.ഐ.-കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് 500-ൽ അധികം ഐ.റ്റി.സി.-കളും പ്രവർത്തിക്കുന്നു. ഇക്കാര്യങ്ങളാൽ ഡയറക്ടറേറ്റിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിനും, വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി കൊല്ലത്തും, എറണാകുളത്തും ഓരോ മേഖലാ കേന്ദ്രം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2012-13 വർഷത്തെ ബഡ്ജറ്റ് ശുപാർശയിൽ എറണാകുളത്ത് റീജിയണൽ ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് ശുപാർശകൾ ഉൾപ്പെടുത്തിയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഒന്നും 2011-12 വർഷം സ്വീകരിച്ചിട്ടില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക അനുവദിച്ചിട്ടില്ല.

**ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങൾ**

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, സംസ്ഥാന ഐ. ടി. സ്കൂളുമായി സഹകരിച്ച്, സംസ്ഥാനത്തെ 30 ഐ.ടി.ഐ. കളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2011-12 വർഷം ഐ.ടി.ഐ. കളിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതിന് വകയിരുത്തിയിരുന്ന തുക ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ അനുമതി നൽകിയതിനാൽ അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. ആയതിനാൽ സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക അനുവദിച്ചില്ല.

**ഒഡെപെക്**

ഒഡെപെകിന് കാലാകാലങ്ങളായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തുന്നില്ല. ടിക്കറ്റ് വിറ്റ് കിട്ടുന്ന പണവും, റിക്രൂട്ട്മെന്റിന് ലഭിക്കുന്ന ചെറിയ കമ്മീഷനും കൊണ്ടാണ് ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകുന്നത്. സമൂഹത്തിന് വളരെയധികം ഗുണം ചെയ്യുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് ആവശ്യമായ പരിഗണന ഒഡെപെക്കിന് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഒഡെപെക് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും വിഭവ ദൗർലഭ്യം കാരണം ബഡ്ജറ്റിൽ തുക വകകൊള്ളിക്കാൻ കഴിഞ്ഞിരുന്നില്ല.

<u>ശുപാർശ</u>

2801-80-101-99—<u>വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം</u>

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിന് ആവശ്യമായ തുക സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ ഇന്ധന സർചാർജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം 2011 ഒക്ടോബർ 1 മുതൽ 6 മാസത്തേക്ക് സംസ്ഥാന വൈദ്യുതി ബോർഡിനുണ്ടാകുന്ന അധിക ബാദ്ധ്യത നികത്തുന്നതിന് 54.6 കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിക്കുന്നതിന് 24-9-2011-ലെ (എംഎസ്.) 35/11/ഊ.വ.നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. ടി തുക എത്രയും പെട്ടെന്ന് അനുവദിച്ചു നൽകണമെന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2011 ഒക്ടോബർ മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ ആയത് ഉൾപ്പെടുത്തുകയും 25-11-2011-ലെ സ.ഉ.(സാധാ.)നമ്പർ 278/2100/ഊ.വ. പ്രകാരം ടി തുക വൈദ്യുതി ബോർഡിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യസഹായം

സാമൂഹ്യ ബാദ്ധ്യത കണക്കിലെടുത്ത്, കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്ന ബോർഡിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ആവശ്യമായ തുക വൈദ്യുതി ബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിനെ 1956-ലെ കമ്പനീസ് ആക്ടിന്റെ പരിധിയിലുള്ള ഒരു കമ്പനിയായി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എസ്. ആർ. ഒ. നമ്പർ 990/08 ആയി പുറപ്പെടുവിച്ചിട്ടുള്ള 25-9-2008-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 37/2008/ഊ.വ. പ്രകാരം, വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിരുന്നു. ബോർഡിന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതകളുടെ അവലോകനത്തിന്റെയും അന്തിമ ബാദ്ധ്യതകളുടെ (terminal liabilities) മൂല്യനിർണ്ണയത്തിന്റെയും അടിസ്ഥാനത്തിൽ 16-10-2009-ലെ കത്തു പ്രകാരം ബോർഡ് കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ) സർക്കാരിന് അംഗീകാരത്തിനു സമർപ്പിച്ചു.

ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതു സംബന്ധിച്ച വൈദ്യുതി ബോർഡിന്റെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുകയും, 3-11-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ 42/11/ഊ.വ. പ്രകാരം സർക്കാർ കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (പുനർനിക്ഷിപ്തമാക്കൽ)-ന് തത്വത്തിൽ അംഗീകാരം നൽകുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന് 3024 കോടി രൂപ

അന്തിമ ബാദ്ധ്യതകൾ (terminal liability) തീർക്കുന്നതിലേക്കുള്ള ധനസഹായം നൽകുമെന്നും നിയമപരവും ധനപരവുമായ വസ്തുക്കളിൻമേലുള്ള പരിശോധനകൾക്കുശേഷം കൈമാറ്റ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതാണെന്നും ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവിലെ ഖണ്ഡം 8 (ii) പ്രകാരം വൈദ്യുതി ബോർഡിന് സർക്കാരിൽ നിന്ന് 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 65-ാം വകുപ്പ് പ്രകാരമുള്ള സാമ്പത്തിക സഹായമൊഴികെ ഏതെങ്കിലും സാമ്പത്തിക സഹായമോ ഗ്രാന്റോ മേലിൽ അനുവദിക്കുന്നതല്ലെന്നും തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 1-6-2011-ലെ ഉത്തരവു പ്രകാരം 2011-12 വർഷത്തേക്ക് ബോർഡിന്റെ റവന്യൂ കമ്മി ആയി നിജപ്പെടുത്തിയിട്ടുള്ള 887.81 കോടി രൂപ ക്യാഷ് സബ്സിഡിയായി അനുവദിക്കണമെന്ന് 18-11-2011-ലെ കത്തു പ്രകാരം വൈദ്യുതി ബോർഡ് അഭ്യർത്ഥിക്കുകയും ആയത് ഈ വകുപ്പിന്റെ ശുപാർശയോടുകൂടി ധനകാര്യ വകുപ്പിന്റെ പരിഗണനക്കായി അയയ്ക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)42/11/പി.ഡി. പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് കൂടുതലായി തുക അനുവദിക്കേണ്ടതില്ല എന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി.

വൈദ്യുതി ബോർഡ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ് എന്നതും നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മേഖലകളിലെ നിക്ഷേപത്തേയും വികസന പ്രവർത്തനങ്ങളേയും മറ്റും പ്രതികൂലമായി ബാധിക്കുന്നു എന്നതും കണക്കിലെടുത്ത് റെഗുലേറ്ററി കമ്മീഷൻ 2011-12 വർഷത്തേക്ക് കണക്കാക്കിയിട്ടുള്ള 887.81 കോടി രൂപ വരുന്ന റവന്യൂ കമ്മിയുടെ ഒരു ഭാഗം നികത്തുന്നതിന് 300 കോടി രൂപ അനുവദിക്കാനുള്ള ഒരു നിർദ്ദേശം വീണ്ടും ഈ വകുപ്പ് ധന വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ ആ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

"2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി 3-11-2011-ൽ പുറപ്പെടുവിച്ച ജി.ഒ.(എംഎസ്.) നമ്പർ 42/2011/ഊ.വ. ഉത്തരവിലെ ഖണ്ഡിക 8 (ii) പ്രകാരം നിർദ്ദേശം സ്വീകാര്യമല്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

ധന വകുപ്പിന്റെ നിർദ്ദേശം മറികടന്നുകൊണ്ട് വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മിയുടെ ഒരു ഭാഗം നികത്തുന്നതിന് 300 കോടി രൂപ അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഈ വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ അനുമതിയോടെ മന്ത്രിസഭ മുമ്പാകെ സമർപ്പിച്ചുവെങ്കിലും ആയത് അംഗീകരിക്കപ്പെട്ടില്ല.

എന്നാൽ 120 യൂണിറ്റിനു താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജ്ജിൽ നിന്ന് ഒഴിവാക്കുന്നതുമൂലം ഉണ്ടാകുന്ന ബാധ്യത നികത്തുന്നതിനായി 2012-13 സാമ്പത്തിക വർഷത്തേക്ക് 50 കോടി രൂപയും സർക്കാർ വകുപ്പുകൾ അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജ് നൽകുന്നതിന്റെ ഭാഗമായി 2012-13 വർഷത്തിൽ 100 കോടി രൂപയും വൈദ്യുതി ബോർഡിന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശുപാർശ

2801-80-800-99—കേരള സംസ്ഥാന വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം കൂടി കണക്കിലെടുത്താൽ സഹായധനം-ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള 57,50,000 രൂപ അപര്യാപ്തമായ തിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

ശുപാർശ

സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ യാത്രാചെലവിനത്തിൽ 2 ലക്ഷം രൂപയും ഇന്ധന ചെലവിനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി, ടെലഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് എന്നീ ഇനങ്ങൾക്കായി 1 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

ശുപാർശ

വിവിധ റഗുലേറ്ററി ഫോറങ്ങളിലെ മെമ്പർഷിപ്പ്, കമ്മീഷൻ ആസ്ഥാനം പ്രവർത്തിക്കുന്ന കെ.പി.എഫ്.സി. ഭവന് നൽകേണ്ട നടത്തിപ്പ് ചെലവ് എന്നീ ഇനങ്ങളിലായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 55, 56 & 57)

സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ 55, 56, 57 ഖണ്ഡികകളിലായി വൈദ്യുതി റഗുലേറ്ററി കമ്മീഷന് അധികമായി അനുവദിക്കാൻ ശുപാർശ ചെയ്യപ്പെട്ടി ട്ടുള്ള ആകെ തുകയായ 40 ലക്ഷം രൂപ വകയിരുത്തി അനുവദിക്കണമെന്ന കമ്മീഷൻ സെക്രട്ടറിയുടെ 27-10-2011-ലെ കത്തിലെ നിർദ്ദേശം, ഈ വകുപ്പിന്റെ ശുപാർശയോടു കൂടി ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ കെ.എസ്.ആർ.ഇ.സി. തങ്ങളുടെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴി ച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി കമ്മീഷന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന ശുപാർശ സർക്കാരിന് അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശുപാർശ

2235-60-102-98—കർഷകത്തൊഴിലാളി പെൻഷൻ

കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത്രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | .. | 193,07,48,400 |
| മുനിസിപ്പാലിറ്റീസ് | .. | 9,59,40,180 |
| കോർപ്പറേഷൻ | .. | 1,59,36,480 |
| ആകെ | .. | 204,26,25,060 |

എല്ലാ ക്ഷേമപെൻഷനുകളും 400 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 69,48,20,700 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നതിനുവേണ്ടി 2011-12 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 204,26,25,060 രൂപയ്ക്ക് പുറമേ 2012 മാർച്ച് മാസം വരെയുള്ള കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് 71,95,23,000 രൂപ അഡീഷണൽ ആതറൈസേഷൻ ആയി അനുവദിച്ച് 20-3-2012-ലെ സ.ഉ. (സാധാ) നമ്പർ 422/12/തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സബ്ജക്ട് കമ്മിറ്റി VII-ന്റെ (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-2013)

ശുപാർശ

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നിരക്ക് 525 രൂപയായി ഉയർത്തിയതുമൂലമുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോഴും 2011-12-ലെ ആറുമാസത്തെ പെൻഷൻ കുടിശ്ശിക ബാദ്ധ്യതയായി ഉള്ളതിനാലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 47,74,36,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

2011 ആഗസ്റ്റ് 28-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/11/ തൊഴിൽ പ്രകാരം കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായിട്ടാണ് വർദ്ധിപ്പിച്ചു നൽകിയിട്ടുള്ളത്. 2012 ജൂൺ 13-ാം തീയതി യിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 895/2012/തൊഴിൽ പ്രകാരം 2230-01-103-96-10 എന്ന ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വിലയിരു ത്തിയിട്ടുള്ള 5,72,00,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 10,95,84,000 രൂപ ഉൾപ്പെടെ 16,67,84,000 രൂപ (പതിനാറ് കോടി അറുപത്തിയേഴ് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) 2012 ഏപ്രിൽ മാസം വരെ പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനായി അനുവദിച്ച് നൽകിയി ട്ടുണ്ട്. ശേഷിക്കുന്ന മാസങ്ങളിൽ പെൻഷൻ തുക നൽകുന്നതിനുള്ള നടപടി ഈ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നു.

ശുപാർശ

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി.

കേരള കൈത്തറി തൊഴിലാളി ക്ഷേമ ബോർഡിൽ പെൻഷൻ നിരക്ക് 525 രൂപ യായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9,300 പെൻഷനേഴ്സുള്ള പ്രസ്തുത ബോർഡിൽ പെൻഷൻ നൽകുവാൻ മാത്രം 6,17,14,800 രൂപ വേണ്ടി വരുമെന്നുള്ളതിനാൽ ഈ ശീർഷകത്തിൽ 5,86,35,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

2011 ആഗസ്റ്റ് 28-ാം തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1252/11/ തൊഴിൽ പ്രകാരം കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായിട്ടാണ് വർദ്ധിപ്പിച്ചുനൽകിയിട്ടുള്ളത്. 2012 ജൂൺ 13-ാം തീയതി യിലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 895/2012/തൊഴിൽ പ്രകാരം 2230-01-103-92-10 എന്ന ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷത്തിൽ വിലയിരുത്തിയിട്ടുള്ള 30,80,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 2,43,46,000 രൂപ ഉൾപ്പെടെ 2,74,26,000 രൂപ (രണ്ട് കോടി എഴുപത്തിനാല് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ മാത്രം) ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുക 2012 ഏപ്രിൽ മാസംവരെ പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ നൽകുവാൻ വേണ്ടിയുള്ളതാണ്. ശേഷിക്കുന്ന മാസങ്ങളിൽ പെൻഷൻ തുക നൽകുന്നതിനുള്ള നടപടി ഈ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നു.

ശുപാർശ

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്

312 തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ 2011-12-ലെ അവസാനത്തെ ആറുമാസത്തെ പെൻഷൻ നൽകുന്നതിനായി കുടിശ്ശികയായ 7,76,240 രൂപയും 2012-13-ലെ വർദ്ധിപ്പിച്ച പെൻഷൻ നൽകുന്നതിന് ആകെ 29,59,000 രൂപയും ഉൾപ്പെടെ 37,35,240 രൂപ ആവശ്യമായിവരുന്ന സാഹചര്യത്തിൽ 29,65,240 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

കേരള ബീഡി ചുരുട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ചുരുട്ടു തൊഴിലാളികൾക്ക് 2011 ഒക്ടോബർ മുതൽ 2012 ഏപ്രിൽ വരെയുള്ള കാലയളവിലേക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി 2012-13 സാമ്പത്തിക വർഷം 2230-01-103-78-10 നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 7,70,000 രൂപയും ധനകാര്യ വകുപ്പിന്റെ 11-6-2012-ലെ സ.ഉ.(സാധാ) നമ്പർ 5770/12/ധന നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ച 1,48,000 രൂപയും ചേർത്ത് 9,18,000 രൂപ 16-6-2012-ലെ സ.ഉ.(എംഎസ്.) നമ്പർ 91/2012/തൊഴിൽ പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിരിക്കുന്നു.

2012 മേയ് മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിലേക്ക് ചുരുട്ടു തൊഴിലാളി പെൻഷൻ വിതരണത്തിന് ധനകാര്യ വകുപ്പിന്റെ 10-8-2012-ലെ ജി.ഒ. (ആർറ്റി.)7446/12/ധന നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ച 6,56,000 രൂപ 22-8-2012-ലെ ജി.ഒ.(എംഎസ്.)124/2012/തൊഴിൽ പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിരിക്കുന്നു.

ശുപാർശ

2230-01-103-73—കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി അംശദാനം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കണക്കുകൾ പ്രകാരം 3/2012 വരെ പെൻഷൻ നൽകുവാനായി മാത്രം 78,42,000 രൂപ ആവശ്യമാണ്. കൂടാതെ ക്ഷേമ പെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 2,68,19,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ബീഡി ചുരുട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് 2011 ഒക്ടോബർ മുതൽ 2012 ഏപ്രിൽ വരെയുള്ള പദ്ധതി/പദ്ധതിയിതര പെൻഷൻ വിതരണത്തിന് 2012-13 സാമ്പത്തിക വർഷത്തിൽ 2230-01-103-73-10-ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 18,70,000 രൂപയും 11-6-2012-ലെ ധനകാര്യ വകുപ്പിന്റെ 5770/2012/ധന നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ച 66,08,000 രൂപയും ചേർത്ത് 84,78,000 രൂപ 16-6-2012-ലെ സ.ഉ.(എംഎസ്.) 90/12/തൊഴിൽ പ്രകാരം റിലീസ് ചെയ്ത് ഉത്തരവായിരിക്കുന്നു.

2012 മേയ് മുതൽ സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണത്തിന് ധനകാര്യ വകുപ്പിന്റെ 10-8-2012-ലെ സ.ഉ.(സാധാ)7446/12/ധന പ്രകാരം അനുവദിച്ച 67,91,000 രൂപ 22-2-2012-ലെ സ.ഉ.(എംഎസ്.)123/12/തൊഴിൽ പ്രകാരം റിലീസ് ചെയ്ത് നൽകി.

<u>ശുപാർശ</u>

2230-01-103-71—<u>കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ തൊഴിലാളി ക്ഷേമബോർഡ് അംശദാനം</u>

2011-12-ലെ ആറുമാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും ക്ഷേമ പെൻഷൻ 125 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ഇനത്തിൽ 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം കിഴിച്ച് 2,90,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് 2011 ഒക്ടോബർ മുതൽ 2012 ഏപ്രിൽ വരെയുള്ള പെൻഷൻ വിതരണത്തിന് 2012-13 വർഷത്തെ 2230-01-103-71-10-നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10,00,000 രൂപയും 11-6-2012-ലെ സ.ഉ.(സാധാ) നമ്പർ 5770/2012/ധന പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ച 1,85,69,000 രൂപയും ചേർത്ത് 1,95,69,000 രൂപ 18-6-2012-ലെ സ.ഉ.(എംഎസ്.)93/2012/തൊഴിൽ പ്രകാരം അനുവദിച്ച് ഉത്തരവായിരിക്കുന്നു.

2012 മേയ് മുതൽ സെപ്റ്റംബർ വരെയുള്ള പെൻഷൻ വിതരണത്തിന് ധനകാര്യ വകുപ്പിന്റെ 21-8-2012-ലെ സ.ഉ.(സാധാ) 7653/12/ധന പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി അനുവദിച്ച 1,39,78,000 രൂപ 23-8-2012-ലെ സ.ഉ.(എംഎസ്.) 126/12/തൊഴിൽ പ്രകാരം അനുവദിച്ച് ഉത്തരവായിരിക്കുന്നു.

ശേഷിക്കുന്ന കാലയളവിലേക്ക് പെൻഷൻ വിതരണം താമസംവിനാ പൂർത്തിയാക്കുന്നതാണ്.

ശുപാർശ

2230-03-001-99—സ്റ്റാഫ് ട്രെയിനിംഗ് ഡയറക്ടറേറ്റ്

04-യാത്രാചെലവ് 1 യാത്രാബത്ത ഇനത്തിൽ 1,70,000 രൂപയും 04-യാത്രാചെലവ് 2 സ്ഥലംമാറ്റ ബത്ത ഇനത്തിൽ 50,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ വാട്ടർ ചാർജ്ജിനായി 17,000 രൂപയും ടെലഫോൺ ചാർജ്ജിനായി 72,000 രൂപയും, മറ്റിനങ്ങൾ എന്നതിൽ 58,000 രൂപയും 21-മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ 10,23,000 രൂപയും 34-മറ്റു ചെലവുകൾ എന്നതിൽ 12,00,000 രൂപയും 45-പി.ഒ.എൽ. എന്ന ഇനത്തിൽ 53,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്ത പ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

04-യാത്രാചെലവുകൾ -1 യാത്രാബത്ത എന്ന ഇനത്തിൽ 6,000 രൂപയും 04-യാത്രാചെലവുകൾ -2 സ്ഥലംമാറ്റബത്ത എന്ന ഇനത്തിൽ 2,000 രൂപയും 05-ഓഫീസ് ചെലവുകൾ -4 മറ്റിനങ്ങൾ എന്നതിൽ 5,000 രൂപയും 17 ചെറുകിട മരാമത്ത് പണികൾ എന്ന ഇനത്തിൽ 50,000 രൂപയും 34-മറ്റു ചെലവുകൾ (നോൺപ്ലാൻ) ഇനത്തിൽ 20,000 രൂപയും 34-മറ്റു ചെലവുകൾ (പ്ലാൻ) ഇനത്തിൽ ട്രെയിനിംഗ് ആവശ്യത്തിനും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുകയൊന്നും അനുവദിച്ചിട്ടില്ല. 2012 ജൂലൈ (പ്ലാൻ) വിഭാഗത്തിൽ 15.02 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം-നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആധുനികവത്ക്കരിച്ച് പൂർണ്ണമായും കമ്പ്യൂട്ടർ അടിസ്ഥാനത്തിൽ ആക്കുന്നതിനാണ് തുക ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത സെൽ സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനെല്ലാം കൂടി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബാക്കി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുകയൊന്നും തന്നെ അനുവദിക്കുകയുണ്ടായില്ല. 2012 ജൂലൈ വരെ ടി ശീർഷകത്തിൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-001-95—ഐ.ടി.യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, ഐ.ടി.ഐ.കളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കെൽട്രോണുമായി സഹകരിച്ച്, അവരുടെ വിദഗ്ദ്ധ ഉപദേശത്തോടും, സഹായത്തോടും കൂടിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്തെ 30 ഐ.ടി.ഐ.കളിൽ നടപ്പിലാക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഐ.ടി.ഐ.കളിൽ കൂടി ഇത് വ്യാപിക്കേണ്ടതുണ്ട്. യന്ത്രോപകരണങ്ങളുടെയും സോഫ്റ്റ് വെയറിന്റെയും സംഭരണം, മെയിന്റനൻസ്, സർവ്വീസ് സപ്പോർട്ട്, ഐ.ടി.ഐ.കളിൽ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 280 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുകയൊന്നും തന്നെ അനുവദിക്കുകയുണ്ടായില്ല. 2012 ജൂലൈ വരെ ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രമുഖ ടി.എസ്.പി.കളുമായി പ്രോജക്ട് ചർച്ചകൾ നടന്നുവരുന്നു. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രം

ഈ ശീർഷകത്തിൽ 02-വേജസ് ഇനത്തിൽ 2000 രൂപയും 04-1 യാത്രാബത്ത ഇനത്തിൽ 1,64,79,000 രൂപയും 04-02 സ്ഥലമാറ്റബത്ത ഇനത്തിൽ 3,42,000 രൂപയും 05-ഓഫീസ് ചെലവുകൾ ഇനത്തിൽ 13,72,000 രൂപയും 3 ടെലഫോൺ ചാർജ് ഇനത്തിൽ 7,75,000 രൂപയും 4-മറ്റിനങ്ങൾ ഇനത്തിൽ 4,20,000 രൂപയും 12-സ്ക്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 16,00,000 രൂപയും 17-മൈനർ വർക്സ് ഇനത്തിൽ 9,30,00,000 രൂപയും 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുളള ചെലവുകൾ എന്ന ഇനത്തിൽ 4,00,000 രൂപയും 34-മറ്റു ചെലവുകൾ ഇനത്തിൽ 4,22,58,000 രൂപയും 45-പി.ഒ.എൽ. ഇനത്തിൽ 73,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്ത പ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-98—വ്യാവസായിക പരിശീലന കേന്ദ്രം, പളളിക്കത്തോട്

ഈ ശീർഷകത്തിൽ (04)-1 യാത്രാബത്ത ഇനത്തിൽ 1,32,000 രൂപയും സ്ഥലം മാറ്റബത്ത എന്ന ഇനത്തിൽ 15,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 3000 രൂപയും 12-സ്ക്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,00,000 രൂപയും 28-തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുളള ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും 45-പി.ഒ.എൽ. എന്ന ഇനത്തിൽ 5,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തപ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

പ്രസ്തുത ശീർഷകത്തിൽ 04-1 യാത്രാബത്ത ഇനത്തിൽ 35,000 രൂപയും 04-2 സ്ഥലംമാറ്റ ബത്ത ഇനത്തിൽ 14,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ 3-ടെലഫോൺ ചെലവ് ഇനത്തിൽ 10,000 രൂപയും 4-മറ്റിനങ്ങൾ എന്നതിൽ 14,000 രൂപയും ചേർത്ത് ആകെ 24,000 രൂപയും 12-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,50,000 രൂപയും 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ എന്ന ഇനത്തിൽ 15,000 രൂപയും 34-മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 7,00,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തപ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-87—ഐ.ടി.ഐ.-കളുടെ നവീകരണം-34-മറ്റു ചെലവുകൾ-3-മറ്റിനം

സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.-കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.-യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.-കളിൽ തൊഴിൽ സാധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, അതോടൊപ്പം കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക എന്നിവയ്ക്കായി ആണ് 2867.44 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ നിലവിലെ ഐ.ടി.ഐ.കളിലെ മരാമത്ത് പണികൾ കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ 500 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം അനുവദിക്കുകയുണ്ടായില്ല. 2012 ജൂലൈ വരെ ടി ശീർഷകത്തിൽ ആകെ 82,18,720 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-76—പ്രത്യേക തൊഴിൽ പരിശീലനം

ഈ ശീർഷകത്തിൽ (04)-1 യാത്രാബത്ത ഇനത്തിൽ 14,000 രൂപയും 04-(2) സ്ഥലംമാറ്റബത്ത എന്ന ഇനത്തിൽ 22,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും 34-മറ്റു ചെലവുകൾ എന്നയിനത്തിൽ 10,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തപ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-101-74—വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ന്യൂനീകരിക്കൽ)

സംസ്ഥാനത്ത് ഇപ്പോൾ 11 വനിതാ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കോട്ടയം, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ വനിതാ ഐ.ടി.ഐ.-കൾ ഇല്ലാത്തതിനാൽ ടി ജില്ലകളിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടും സഹകരണത്തോടുംകൂടി ഓരോ വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ബാക്കി 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. 2012 ജൂലൈ വരെ ടി ശീർഷകത്തിൽ തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. അനുവദിച്ച തുക ചെലവഴിക്കുന്ന മുറയ്ക്ക് അധിക തുകയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

ഈ ശീർഷകത്തിൽ അനുവദിച്ച തുക വളരെ അപര്യാപ്തമായതിനാൽ 04-2 സ്ഥലംമാറ്റബത്ത ഇനത്തിൽ 40,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ വെള്ളക്കരം ഇനത്തിൽ 5,000 രൂപയും 3-ടെലഫോൺ ചെലവ് എന്ന

ഇനത്തിൽ 17,000 രൂപയും മറ്റിനങ്ങൾ എന്നതിൽ 10,000 രൂപയും ചേർത്ത് ആകെ 32,000 രൂപയും 28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ, 34-മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ യഥാക്രമം 75,000 രൂപ 3,01,000 രൂപ എന്നീ തുകകളും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുക അനുവദിച്ചിട്ടില്ല. ടി ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തപ്രകാരം ഓരോ ഇനത്തിലും അധികം തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പുതിയ പദ്ധതികൾക്കുള്ള ശുപാർശ

**ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേയ്സ്മെന്റ് സെൽ (പുതിയ സ്കീം)**

ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ, ഫോൺ ലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തികൊണ്ട് ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുവാൻ ഡി.ജി.ഇ. & ടി നിർദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും സൗകര്യം ഒരുക്കുന്നതിനുമായി 72 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത പ്രകാരം അധികം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. സംസ്ഥാനത്ത് ജോബ് പോർട്ടൽ എന്ന സംവിധാനം നിലവിൽ വന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ നടപടി സ്വീകരിച്ചിട്ടില്ല.

ശുപാർശ

**റീജിയണൽ ഡയറക്ടറേറ്റ്, എറണാകുളം**

കഴിഞ്ഞ മൂന്നുവർഷത്തിൽ 38 ഐ.ടി.ഐ.കൾ സംസ്ഥാനത്ത് പുതിയതായി സർക്കാർ അനുവദിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 7 ഐ.ടി.ഐ.കൾ 1-ാം നിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സംസ്ഥാനത്ത് 500-ൽ അധികം സ്വകാര്യ ഐ.ടി.ഐ.കളും പ്രവർത്തിക്കുന്നു. ഇക്കാരണത്താൽ ഡയറക്ടറേറ്റിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആയ പ്രവർത്തനത്തിനും വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും കണ്ണൂർ മേഖലാ കേന്ദ്രം പോലെ എറണാകുളത്ത് ഒരു മേഖലാകേന്ദ്രം അത്യന്താപേക്ഷിതമാണ്. ആയതിലേക്കായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല. എറണാകുളത്ത് മേഖലാ കേന്ദ്രം സ്ഥാപിക്കുന്ന കാര്യത്തിന് അംഗീകാരം ലഭിച്ചിട്ടില്ല.

ശുപാർശ

**എസ്.സി.വി.റ്റി.-യുടെ പുനഃസംഘടനയും ശക്തിപ്പെടുത്തലും**

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തണമെന്ന് ഡി.ജി.ഇ. & ടി നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്കിൽ ട്രെയിനിംഗ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും നിയന്ത്രിക്കുന്നതിനും എസ്.സി.വി.റ്റി.-യെ ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള സ്കിൽ ട്രെയിനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എസ്.സി.വി.ടി.-യുടെ കീഴിൽ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഇവയ്ക്കെല്ലാമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തപ്രകാരം അധികം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യ സഹായം-33-സബ്സിഡികൾ

2801-80-101-98—ഗ്രാമ വൈദ്യുതീകരണത്തിൽ നേരിടുന്ന നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യ സഹായം-33 സബ്സിഡികൾ

2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യ സഹായം-33-സബ്സിഡികൾ

2012-13 ബഡ്ജറ്റിൽ മേൽപ്രസ്താവിച്ച ശീർഷകങ്ങളിൽ, വിദ്യുച്ഛക്തി ബോർഡിന് നൽകേണ്ടതായ സബ്സിഡി തുകകൾ വകയിരുത്തണമെന്നും റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ ബോർഡിന് നൽകാൻ ഉത്തരവായ സബ്സിഡി തുകകൾ നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടികൾ

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 1-6-2011-ലെ ഉത്തരവു പ്രകാരം 2011-12 വർഷത്തേക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി 887.81 കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. റവന്യൂ കമ്മി നികത്തുന്നതിന്റെ ഭാഗമായി 13-6-2012-ലെ (സാധാ)110/12/ഊ.വ.നമ്പർ സർക്കാർ ഉത്തരവ്

പ്രകാരം (അനുബന്ധം II) 120 യൂണിറ്റിനുതാഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതുമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന ബാദ്ധ്യത നികത്താൻ 50 കോടി രൂപയും വിവിധ സർക്കാർ വകുപ്പുകൾ കെ.എസ്.ഇ.ബി.-ക്ക് അടയ്ക്കേണ്ട വൈദ്യുതി ചാർജ്ജ് നൽകുന്നതിന്റെ ഭാഗമായി 100 കോടി രൂപയും 2012 ഏപ്രിൽ മാസത്തിൽ തന്നെ ബോർഡിനു അനുവദിക്കുന്നതിന് തീരുമാനിച്ചു.

120 യൂണിറ്റിനു താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതുമൂലം വൈദ്യുതി ബോർഡിനുണ്ടാകുന്ന അധിക ബാദ്ധ്യത നികത്തുന്നതിന്റെ ഭാഗമായി 2012-13 സാമ്പത്തികവർഷത്തേക്ക് ക്യാഷ് സബ്സിഡിയായി ബോർഡിനനുവദിച്ച 50 കോടി രൂപ 2012-13-ലെ ഉപധനാഭ്യർത്ഥന, ഡിമാന്റ് നമ്പർ XXXIX പ്രകാരം വകയിരുത്തുകയും തുക 13-8-2012-ലെ (എംഎസ്.) 19/12/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (അനുബന്ധം II) വൈദ്യുതി ബോർഡിന് 21-8-12-ൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ അനുവദിക്കപ്പെട്ട 100 കോടി രൂപ വൈദ്യുതി ബോർഡിന് ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

2012-13 സാമ്പത്തികവർഷത്തേക്ക് 3240.25 കോടി രൂപ റവന്യൂ കമ്മി വരുന്ന എ.ആർ.ആർ.(അഗ്രിഗേറ്റ് റവന്യൂ റിക്വയർമെന്റ്) ബോർഡ് റഗുലേറ്ററി കമ്മീഷന് സമർപ്പിച്ചുവെങ്കിലും 1889.15 കോടി രൂപയുടെ റവന്യൂ കമ്മിയാണ് 28-04-2012-ലെ ഉത്തരവ് പ്രകാരം റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 1676.84 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്ന നിരക്ക് വർദ്ധനവാണ് നടപ്പിലാക്കിയത്. 6-8-2012-ലെ (എം.എസ്) 18/12/ഊ.വ. നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധം II) പ്രകാരം 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും എല്ലാ കാർഷിക ഉപഭോക്താക്കളെയും നിരക്കുവർദ്ധനവിൽ നിന്നും ഒഴിവാക്കാനും ഇതുമൂലമുണ്ടാകുന്ന ഏകദേശം 300 കോടി രൂപയുടെ വാർഷിക നഷ്ടം ജൂലൈ മാസം മുതൽ അഡ്വാൻസായി 25 കോടി രൂപ വീതം ബോർഡിന് അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള സബ്സിഡി തുകകൾ വൈദ്യുതി ബോർഡിന് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

ശുപാർശ

6801-00-190-86—ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തികൾ (വിദേശ സഹായ പദ്ധതികൾ)

ഈ ഇനത്തിൽ 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനായി (ഡി.ആർ.ഐ.പി.) 2012-13 സാമ്പത്തികവർഷത്തിൽ സർക്കാരിന്റെ ബഡ്ജറ്റിൽ (6801-00-190-86) 18.75 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ഡി.ആർ.ഐ.പി.-ക്കായി കേന്ദ്ര സർക്കാരും, വേൾഡ് ബാങ്കും തമ്മിൽ ഒപ്പിട്ട കരാർ 18-4-2012-ലാണ് നിലവിൽ വന്നത്. 2012-13-ലെ ഡി. ആർ. ഐ.പി.-യുടെ പ്രവർത്തനങ്ങൾക്കായി മേൽപറഞ്ഞ തുക പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 5 പദ്ധതികളുടെ 18 അണക്കെട്ടുകളും രണ്ടാം ഘട്ടത്തിൽ 7 പദ്ധതികളുടെ 10 അണക്കെട്ടുകളും ഉൾപ്പെടെ 28 അണക്കെട്ടുകളാണ് നവീകരണത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 5 പദ്ധതികളിൽ, പെരിങ്ങൽകുത്ത്, ശബരിഗിരി, ഇടുക്കി എന്നീ പദ്ധതികളുടെ നവീകരണ ജോലികൾ ടെണ്ടർ ചെയ്യുന്നതിനുള്ള ബിഡ് ഡോക്യുമെന്റുകൾ തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന്റെയും, വേൾഡ് ബാങ്കിന്റെയും പരിശോധനയ്ക്കും, പ്രാഥമിക അനുമതിക്കുമായി സമർപ്പിച്ചിരിക്കുകയാണ്.

അണക്കെട്ടുകളുടെ സാങ്കേതിക, സാങ്കേതികേതര സുരക്ഷയ്ക്കായി നിർദ്ദേശിക്കപ്പെട്ട പ്രവർത്തികളാണ് ഈ പദ്ധതിവഴി ലക്ഷ്യമിടുന്നത്. ഇതോടൊപ്പം ഉദ്യോഗസ്ഥരുടെ സാങ്കേതിക കാര്യക്ഷമത ഉയർത്തുന്നതിനുതകുന്ന നിരവധി പരിപാടികളും ഇതിൽപ്പെടുന്നു.

## പൊതുശുപാർശകൾ

1. വീടുകളിൽ വൈദ്യുത മീറ്റർ റീഡിംഗ് നടത്തുന്ന ഉദ്യോഗസ്ഥർതന്നെ റീഡിംഗ് പ്രകാരമുള്ള വൈദ്യുത ചാർജ് പണമായോ/ചെക്കായോ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇപ്രകാരമുള്ള സ്പോട്ട് ബില്ലിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ ജീവനക്കാരുടെ ജോലി നഷ്ടപ്പെടുമെന്ന സ്ഥിതി വിശേഷമുണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വീടുകളിൽ വൈദ്യുത മീറ്റർ റീഡിംഗ് നടത്തുന്ന ഉദ്യോഗസ്ഥർതന്നെ റീഡിംഗ് പ്രകാരമുള്ള വൈദ്യുത ചാർജ്ജ് അതതു പ്രദേശത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ/മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളുടെ ക്രോസ് ചെയ്ത ചെക്കായി ഉപഭോക്താവിൽ നിന്നും നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് തത്വത്തിൽ

അംഗീകരിച്ചുകൊണ്ട് 5-12-2007-ൽ വൈദ്യുതി ബോർഡ് ഉത്തരവിറക്കിയിരുന്നു (അനുബന്ധം II). ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് അംഗീകൃത യൂണിയനുകളുമായുള്ള വിശദമായ ചർച്ചകൾക്ക് ശേഷം ഈ സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് ബോർഡ് തീരുമാനിച്ചിട്ടുള്ളത്.

ശുപാർശ

സൗരോർജ്ജം ഉപയോഗിച്ച് കത്തുന്ന തെരുവ് വിളക്കുകൾ സ്ഥാപിക്കാനാവുമോയെന്ന് പരിശോധിക്കുവാനും തെരുവു വിളക്കുകൾ കൃത്യസമയത്ത് കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള ഓട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

തെരുവു വിളക്കുകൾ ഓട്ടോമാറ്റിക്കായി കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള സംവിധാനം 17-11-12-ന് മുമ്പ് നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിന്റെ എസ്റ്റിമേറ്റ് തുകയായി വൈദ്യുതി ബോർഡ് നിശ്ചയിച്ചിട്ടുള്ള 10,600 രൂപയുടെ 50% ബോർഡ് വഹിക്കുന്നതാണെന്ന് 17-5-2012-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II). പ്രാരംഭഘട്ടത്തിൽ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാനാണ്.

ശുപാർശ

വെള്ളത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച് ഊർജ്ജം ഉത്പ്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സംബന്ധിച്ച പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സർക്കാർ സ്വീകരിച്ച നടപടി

വെള്ളത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച് ഊർജ്ജം ഉത്പ്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ വൈദ്യുതി ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ധ്യായം IV

(എ) **ചട്ടം 236 (5) പ്രകാരം ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ**

## 2011-2013 കാലയളവിലെ സബ്ജക്ട് കമ്മിറ്റി VI-ന്റെ (വിദ്യാഭ്യാസം)-ൽ നിന്നും കൈമാറി ലഭിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-2012)

ശുപാർശ

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്**

2810-00-800-94—മീറ്ററിന്റെ നിലവാരം പരിശോധിക്കുന്ന ലബോറട്ടറി ആധുനീകരിക്കൽ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലബോറട്ടറികളിൽ നാഷണൽ അക്രിഡേറ്റേഷൻ ബോർഡും ഇന്ത്യൻ സ്റ്റാൻഡേർഡ് ബോർഡും നിഷ്കർഷിച്ചിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 130 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ നിലവാരത്തിൽ ലബോറട്ടറി നവീകരിക്കുന്നതിലേക്കായി 270 ലക്ഷം രൂപ, അധികമായി ആവശ്യമാണ്. കൂടാതെ ഒൻപതു ജില്ലകളിൽ മാത്രമാണ് നിലവിൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾ ഉള്ളത്. അവശേഷിക്കുന്ന 5 ജില്ലകളിൽകൂടി ഇത്തരം ലബോറട്ടറികൾ സ്ഥാപിക്കുക എന്നത് അനിവാര്യമാണെന്ന് സമിതി മനസിലാക്കുന്നു. ഇതിലേക്കായി ഒരു ലബോറട്ടറി സ്ഥാപിക്കുന്നതിന് 40 ലക്ഷം രൂപ നിരക്കിൽ 2 കോടി രൂപ ആവശ്യമാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ 330 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ അനുവദിച്ച 130 ലക്ഷം രൂപയിൽ 1,29,87,643 രൂപ ചെലവഴിച്ചിട്ടുണ്ട്. സമിതി അധികമായി ശുപാർശ ചെയ്ത 2 കോടി രൂപ സർക്കാരിന്റെ സാമ്പത്തിക പ്രയാസംമൂലം അനുവദിക്കുകയുണ്ടായില്ല.

ശുപാർശ

2810-00-800-93—എനർജിമാനേജ്മെന്റ് സെന്റർ ധനസഹായം

വ്യവസായങ്ങളിലെ ഊർജ്ജ സംരക്ഷണ പരിപാടികൾ, എനർജി ഓഡിറ്റ്, പഠനോപകരണങ്ങൾ, ഇ.എം.സി.-യുടെ നിലവിലുള്ള പശ്ചാത്തല വികസനം ഇ.എം.സി.-യിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടികൾ, ഊർജ്ജ ക്ലിനിക്ക്, സ്കൂളുകളിലേയും കോളേജുകളിലേയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, പൊതുജന ബോധവൽക്കരണ പരിപാടികൾ, ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണം, എനർജി കൺസർവേഷൻ ഫണ്ട് തുടങ്ങി സെന്ററിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 395 ലക്ഷം രൂപയും സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളിലേക്ക് പദ്ധതിയേതര ഇനത്തിൽ 133.89 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

### സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ അനുസരിച്ച് അധികമായി തുക അനുവദിക്കുന്നതിന് ധനവകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും പദ്ധതിയിനത്തിൽ സാമ്പത്തിക പ്രയാസംമൂലം അധികം തുക അനുവദിക്കുകയുണ്ടായില്ല. പദ്ധതിയിതര ഇനത്തിൽ 20 ലക്ഷം രൂപ മാത്രമേ അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(ബി) **ചട്ടം 236(6) പ്രകാരം ലഭ്യമാക്കിയ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ**

| *ക്രമ നം.* | *ധനാഭ്യർത്ഥന നമ്പർ* | *സാമ്പത്തിക വർഷം* | *ഗവ.റഫറൻസ്* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| 1 | XXXIX—വൈദ്യുത പദ്ധതികൾ | 2010–2011 | 3024/സി1/11/ഊ.വ. | 22–3–2012 |
| 2 | XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2010–2011 | 2428/എഫ്3/13/ തൊഴിൽ | 28–6–2012 |
| 3 | XXXIX—വൈദ്യുത പദ്ധതികൾ | 2011–2012 | 4387/സി1/12/ഊ.വ. | 18–12–2012 |
| 4 | XXXIX—വൈദ്യുത പദ്ധതികൾ | 2011–2012 | 4370/എ3/2012/ഊ.വ. | 18–12–2012 |
| 5 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും | 2011–2012 | 18266/ബി1/2012/ തൊഴിൽ | 18–12–2012 |
| 6 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും | 2011–2012 | 13352/ഡി1/2012/ തൊഴിൽ | 7–2–2013 |
| 7 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും | 2011–2012 | 18017/ബി1/2012/ തൊഴിൽ | 9–4–2013 |

തിരുവനന്തപുരം,
2013 മേയ് 7.

**ആര്യാടൻ മുഹമ്മദ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

## അനുബന്ധം I

## 12-4-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 ഏപ്രിൽ മാസം 12-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'III-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. എം. ഹംസ, ,,
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ,,
4. ശ്രീ. എം. എ. വാഹീദ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പ്രദീപ് കുമാർ, സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. ടി. എം. മനോഹരൻ, ചെയർമാൻ, കെ.എസ്.ഇ.ബി.
3. ശ്രീ. കെ. ചന്ദ്രശേഖരബാബു, സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ
4. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ
5. ശ്രീ. പി. വൽസരാജ്, ഡയറക്ടർ ഇൻ-ചാർജ്ജ്, അനെർട്ട്
6. ശ്രീ. കെ. കെ. കറുപ്പൻകുട്ടി, ചീഫ് എഞ്ചിനീയർ, ഡാം സേഫ്റ്റി, കെ.എസ്.ഇ.ബി.
7. ശ്രീ. കെ. അജിത് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി 2012-13 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും, യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് 2012-2013 സാമ്പത്തിക വർഷം ഉൽപ്പാദന, പ്രസരണ, വിതരണമേഖലയിലും മറ്റു മേഖലകളിലും നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളെയും അവയ്ക്ക് ഓരോന്നിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ അംഗീകൃത പദ്ധതികളുടെ അടങ്കൽ തുക 1397.12 കോടി രൂപയാണെന്നും, അതിൽ ഉൽപ്പാദനത്തിന് 375.62 കോടി രൂപയും പ്രസരണത്തിന് 305 കോടി രൂപയും വിതരണത്തിന് 710 കോടി രൂപയും മറ്റ് ആവശ്യങ്ങൾക്കായി 6.5 കോടി രൂപയുമാണ് വേണ്ടതെന്നും, ഈ വർഷം ഉൽപ്പാദനമേഖലയിൽ 500 മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും, ചില പദ്ധതികൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം വാങ്ങേണ്ടതുണ്ടെന്നും ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി. ചില സ്ഥലങ്ങളിൽ ആളുകൾ ഭൂമി കയ്യേറിയിട്ടുള്ളതിൽ പട്ടയമില്ലാത്തവരും ഉൾപ്പെടുന്നുണ്ട്. പട്ടയമില്ലാത്തവരെ കോമ്പൻസേഷൻ നൽകി ഒഴിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ചർച്ച നടത്തുകയും, പഞ്ചായത്ത് പ്രസിഡന്റ്, എം.എൽ.എ., എം.പി., കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും, കമ്മിറ്റിയുടെ പ്രൊപ്പോസൽ ഒന്നുകിൽ ക്യാബിനറ്റ് അംഗീകരിക്കണമെന്നും, അല്ലെങ്കിൽ അവർക്ക് പട്ടയം കൊടുക്കേണ്ടതായുണ്ടെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

ഉൽപ്പാദനമേഖലയിലെ 14 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളെ കുറിച്ചും, അതിൽ 2012-13 വർഷത്തിൽ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നവയെക്കുറിച്ചും ടെന്റർ ചെയ്യാനുദ്ദേശിക്കുന്നവയെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച് നബാർഡിന്റെ പദ്ധതി പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി കഞ്ചിക്കോട് ആരംഭിച്ച സൗരോർജ്ജ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ വിൻഡുമില്ലുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

ചില രാജ്യങ്ങളിൽ പ്രാവർത്തികമാക്കിയിട്ടുള്ളതുപോലെ തീരപ്രദേശങ്ങളിലും കരയിലും വിൻഡ്മില്ലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നതായും, 2017-ൽ 5471 മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്നും ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം 1600 മെഗാവാട്ട് മാത്രമായതിനാൽ സ്മോൾ ഹൈഡൽ പ്രോജക്ടുകൾ, സോളാർ എനർജി, വിൻഡ്പവർ എന്നിവയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുള്ള ശ്രമം നടന്നുവരികയാണെന്നും സമിതിയിൽ ചർച്ച ചെയ്യുകണ്ടായി.

പ്രസരണ മേഖലയിൽ 20 പ്രോജക്ടുകൾ ഉണ്ടെന്ന് ബഹു. സമിതി ചെയർമാൻ വ്യക്തമാക്കി. 220 കെ.വി.-യുടെ സബ്സ്റ്റേഷൻ രണ്ടെണ്ണം പ്രൊപ്പോസ് ചെയ്തിട്ടുണ്ടെന്നും, പെരിനാട്, കുത്തുങ്കൽ, കിഴക്കമ്പലം തുടങ്ങിയ 110 കെ. വി. സബ്സ്റ്റേഷനുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും എല്ലാ സബ്സ്റ്റേഷനും സ്ഥലം കിട്ടിയിട്ടുണ്ടെന്നും, സ്ഥലം കിട്ടിയിടത്ത് സമയത്തിനുമുമ്പ് തന്നെ കമ്മീഷൻ ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടെന്നും, എന്നാൽ വൈദ്യുത ലൈൻ വലിക്കുന്നിടത്ത് പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

വിതരണമേഖല സംബന്ധിച്ച് വൈദ്യുത മീറ്ററുകൾക്ക് വേഗത കൂടുതലാണെന്നുള്ള പരാതി ഇപ്പോൾ ഇല്ല എന്നും, എന്നാൽ കറന്റ് പോകുമ്പോൾ ചില മീറ്ററുകൾ തിരിഞ്ഞ് കറങ്ങി സീറോയിൽ വരുന്ന പ്രശ്നമുള്ളതിനാൽ അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടു മാത്രമേ കൊല്ലം മീറ്റർ കമ്പനിക്ക് ഓർഡർ കൊടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് കെ.എസ്.ഇ.ബി. ചെയർമാൻ വ്യക്തമാക്കി.

വീടുകളിൽ വൈദ്യുത മീറ്റർ റീഡിംഗ് നടത്തുന്ന ഉദ്യോഗസ്ഥർ തന്നെ റീഡിംഗ് പ്രകാരമുള്ള വൈദ്യുത ചാർജ്ജ് പണമായോ/ചെക്കായോ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്പോട്ട് ബില്ലിംഗ് സംവിധാനം നടപ്പിലാക്കുമ്പോൾ ജീവനക്കാരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്തു.

സൗരോർജ്ജം ഉപയോഗിച്ച് കത്തുന്ന തെരുവുവിളക്കുകൾ സ്ഥാപിക്കാനാവുമോയെന്ന് പരിശോധിക്കുവാനും, തെരുവുവിളക്കുകൾ കൃത്യസമയത്ത് കത്തിക്കുന്നതിനും അണയ്ക്കുന്നതിനുമുള്ള ഓട്ടോമാറ്റിക് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

<u>പരിഷ്ക്കരിച്ച ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.</u> സ്കീം 2008-ൽ സെൻട്രൽ ഗവൺമെന്റ് തുടങ്ങിയതാണെന്നും, നവംബറിൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതിക്ക് ലഭിക്കുന്ന 214 കോടി രൂപയുടെ ലോൺ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നപക്ഷം ഗ്രാന്റായി മാറ്റുന്നതാണ്. എന്നാൽ പദ്ധതി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഇതിന്റെ ജോലികൾ കംപ്ലീറ്റ് ചെയ്യാൻ കഴിയുന്നില്ല എന്നും, ഈ സ്കീമിൽ പണം മുഴുവൻ ലോണായി പലിശയോടുകൂടി തിരിച്ചടയ്ക്കേണ്ടിവരുമെന്നും, 15000-ൽ കൂടുതൽ ജനസംഖ്യയുള്ള എല്ലാ പഞ്ചായത്തിലും ഈ പദ്ധതി തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

<u>രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജന</u> (ആർ.ജി.ജി.വി.വൈ.) പദ്ധതി രണ്ടാമതും അനുവദിച്ചു കിട്ടിയിട്ടുണ്ടെന്നും, മലബാർ മേഖലയിൽ ടെൻഡർ ചെയ്ത് കഴിഞ്ഞെന്നും, പണി പൂർത്തിയാക്കേണ്ട കാലാവധി കഴിഞ്ഞുവെങ്കിലും കോൺട്രാക്ടേഴ്സ് വർക്ക് കംപ്ലീറ്റ് ചെയ്യുന്നില്ലായെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ പദ്ധതി പുരോഗമിക്കുന്നുണ്ടെന്നും, ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ബി.പി.എൽ./എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് എവിടെയാണെങ്കിലും വൈദ്യുതപോസ്റ്റുകൾ സൗജന്യമായി കൊടുക്കുമെന്നും സമിതി വ്യക്തമാക്കി.

സ്മാർട്ട് ഗ്രിഡ് എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് 78 സെക്ഷൻ ഓഫീസുകളിലെ വ്യാവസായിക (എൽ.റ്റി.) ഉപഭോക്താക്കൾക്ക് Advanced Metering Infrastructure സ്ഥാപിക്കാവുന്നതാണെന്നും, ഈ മീറ്റർ വച്ചുകഴിഞ്ഞാൽ റിമോട്ട് കൺട്രോളിൽ മോണിറ്റർ ചെയ്യാൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

വെള്ളത്തിൽ നിന്നും ഹൈഡ്രജൻ വേർതിരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ സംബന്ധിച്ച പഠനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കെ.എസ്.ഇ.ബി.യുടെ ആഫീസുകളിൽ എവിടെയും ഉപഭോക്താക്കൾക്ക് പണം അടയ്ക്കുവാനുള്ള പ്രോജക്ട് ആദ്യമായി തിരുവനന്തപുരത്ത് നടപ്പിൽ വരുത്താൻ പോകുകയാണെന്നും, ബാങ്കുകൾവഴിയും ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ചും പണം അടയ്ക്കാൻ സാധിക്കുമെന്നും, സാധനസാമഗ്രികൾ വാങ്ങുന്നതിന് ഇ-ടെൻഡർ സംവിധാനം സംസ്ഥാന സർക്കാരുമായിട്ട് യോജിച്ചു കൊണ്ടാണ് ചെയ്യുന്നതെന്നും, അതിൽ കെ.എസ്.ഇ.ബി.യെ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതുപോലെ സ്ക്രാപ്പ് വിൽക്കുന്നതിന് ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരീക്ഷിക്കാൻ പോകുകയാണെന്നും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വ്യക്തമാക്കി.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൂലധനം സർക്കാർ ലഭ്യമാക്കുന്നതു സംബന്ധിച്ചും 2012-13-ലെ സർക്കാർ ബഡ്ജറ്റിനെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

കെ.എസ്.ഇ.ബി.യെ 2011 ജനുവരി 14-ന് 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്' എന്ന പേരിൽ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയായി രജിസ്റ്റർ ചെയ്തു എന്നും കമ്പനിയുടെ അംഗീകൃത മൂലധനം 3500 കോടി രൂപയും പിരിച്ചെടുത്ത മൂലധനം 5 ലക്ഷം രൂപയുമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2801-80-101-99—വിദ്യുച്ഛക്തി സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

2801-80-101-98—ഗ്രാമ വൈദ്യുതീകരണത്തിൽ നേരിടുന്ന നഷ്ടം പരിഹരിക്കുന്നതിനായി സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

2801-80-101-94—കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂക്കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യസഹായം-33-സബ്സിഡികൾ

2012-13 ബഡ്ജറ്റിൽ മേൽ പ്രസ്താവിച്ച ശീർഷകങ്ങളിൽ, വിദ്യുച്ഛക്തി ബോർഡിന് നൽകേണ്ടതായ സബ്സിഡി തുകകൾ വകയിരുത്തണമെന്നും റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ ബോർഡിന് നൽകാൻ ഉത്തരവായ സബ്സിഡി തുകകൾ നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് നിർമ്മാണത്തിലിരിക്കുന്ന Model Residential Polytechnic IHRD യാണ് നടത്തുന്നതെന്നും മുൻപ് അതിന് SC/ST ഫണ്ട് ലഭിച്ചിരുന്നു എന്നും, അഞ്ച് ഏക്കർ സ്ഥലം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും, ANERT-നാണ് കെട്ടിടനിർമ്മാണത്തിന്റെ ചുമതല എന്നും അവർ അത് BSNL-ന് കരാർ നൽകിയിരിക്കുകയാണെന്നും, ഫൗണ്ടേഷന്റെ പണി പൂർത്തീകരിച്ചു എങ്കിലും കെട്ടിടത്തിന്റെ ഡിസൈൻ പ്രത്യേക രീതിയിലുള്ളതിനാൽ പണി നടത്തുന്നതിന്

കരാറുകാരെ കിട്ടുന്നില്ല എന്നും ഇപ്പോൾ നിർമ്മാണം നിലച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആവശ്യമെങ്കിൽ ഡിസൈൻ മാറ്റി എത്രയുംവേഗം പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി ഒരു പ്രത്യേക തെളിവെടുപ്പുയോഗം ചേരണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പതിനായിരം വീടുകളിൽ റൂഫ് ടോപ്പ് സോളാർ പാനൽ സ്ഥാപിച്ച് ഒരു കിലോ വാട്ട് വൈദ്യുതി വീതം ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി ഈ വർഷം പൈലറ്റ് സ്കീമായി തുടങ്ങുമെന്നും ഇതിൽ നിന്നും 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്നും സമിതിയെ അറിയിച്ചു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട്) ധനസഹായം എന്ന ശീർഷകത്തിൽ അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ശമ്പളം, ശമ്പള കുടിശ്ശിക, യാത്രാചെലവ്, വാടക, ഓഫീസ് ചെലവ് എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി കണ്ടെത്തി. TESM പദ്ധതി നിർത്തലാക്കിയതോടുകൂടി കഴിഞ്ഞ വർഷങ്ങളിൽ ഈ പദ്ധതിയിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്താറുള്ള 250 ലക്ഷം രൂപയും നിർത്തലാക്കിയിരിക്കുന്നതിനാൽ 250 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം (പ്ലാൻ) എന്ന ശീർഷകത്തിൽ ഇ.എം.സി.യുടെ താഴെപ്പറയുന്ന പ്രവർത്തന പരിപാടികൾക്കായി പദ്ധതിയിനത്തിൽ സർക്കാരിന്റെ ധനസഹായം ആവശ്യമാണ് എന്ന് സമിതി മനസ്സിലാക്കി:

1. വ്യവസായങ്ങളിലെ ഊർജ്ജസംരക്ഷണ പരിപാടികൾക്കായി 25 ലക്ഷം രൂപ,
2. ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനായി സബ്സിഡി പദ്ധതിക്ക് 50 ലക്ഷം രൂപ,
3. തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമത-ഡിമാന്റ് സൈഡ് മാനേജ്മെന്റ് പരിപാടി നടപ്പിലാക്കാൻ 40 ലക്ഷം രൂപ,
4. എനർജി ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കുന്നതിനും, ലൈബ്രറികളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾക്കും, സംസ്ഥാനത്തെ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലൂടെയുള്ള ഊർജ്ജസംരക്ഷണ പരിപാടികൾക്കും, പൊതുജന ബോധവൽക്കരണ പരിപാടികൾ, ഊർജ്ജ ക്ലിനിക്, ഊർജ്ജ സംരക്ഷണത്തെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങളും പ്രചാരണ പരിപാടികളും എന്നീ മേൽപ്പറഞ്ഞ ആറുപരിപാടികൾക്കുമായി 25 ലക്ഷം രൂപ,
5. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് 47 ലക്ഷം രൂപ,
6. എനർജി മാനേജ്മെന്റ് സെന്ററിൽ നിലവിലുള്ള ലൈബ്രറി Energy NET എന്ന പേരിൽ സമാനമായ ലൈബ്രറികളുമായി ചേർന്ന് പുസ്തകങ്ങളും മറ്റു വിവരസാങ്കേതങ്ങളും പങ്കുവയ്ക്കുന്നതിന് 10 ലക്ഷം രൂപ,

7. എനർജി ഓഡിറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 10 ലക്ഷം രൂപ,

8. സ്ഥാപനത്തിന്റെ കഴിവു വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള സ്റ്റാഫ് സ്ട്രക്ചറിൽ മാറ്റം വരുത്തുന്നതിനും സ്കിൽ അപ്ഗ്രഡേഷൻ പരിപാടി കൾക്കുമായി 5 ലക്ഷം രൂപ,

9. ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ,

10. ഊർജ്ജ സംരക്ഷണ അവാർഡ് നൽകുന്നതിന് 25 ലക്ഷം രൂപ,

11. എനർജി മാനേജ്മെന്റ് സെന്ററിനും എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു മായി ഓഫീസ് കെട്ടിടം പണിയുന്നതിന് 3 കോടി രൂപ,

12. ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിൽ വരുത്താനുള്ള പ്രവർത്തന ത്തിനും, മുടങ്ങിക്കിടക്കുന്ന കല്ലാർ പദ്ധതി നവീകരിക്കുന്നതിനുമായി ഒരു കോടി രൂപ.

13. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യൂനിഡോ സെന്ററിന്റെ പ്രവർത്തനത്തിന് 10 ലക്ഷം രൂപ,

14. സി.എഫ്.എൽ.കൾ സുരക്ഷിതമായി നശിപ്പിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിനായി 5 കോടി രൂപ,

15. ഊർജ്ജ കാര്യക്ഷമ ഉപകരണങ്ങൾക്ക് റേറ്റ് കോൺട്രാക്ട്-പ്രാരംഭ നടപടിക്കായി 10 ലക്ഷം രൂപ ആവശ്യമായി വരുന്നു.

മേൽ പ്രസ്താവിച്ച ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 1167 ലക്ഷം രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ച തുകയ്ക്ക് ഉപരിയായി 1047 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2810-00-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 165 ലക്ഷം രൂപ ശമ്പള ഇനത്തിലും, യാത്രാചെലവുകൾ ഇനത്തിൽ 4.5 ലക്ഷം രൂപയും പോസ്റ്റ്, ടെലിഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി, വാട്ടർ, പ്രിന്റിംഗ് ചാർജ്ജ് എന്നീ ഇനങ്ങൾക്ക് 6.75 ലക്ഷം രൂപയും കരം, നികുതി ഇനത്തിൽ 0.75 ലക്ഷവും പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും ആവശ്യമായി വരുന്ന സാഹചര്യത്തിൽ 130.58 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

6801-00-190-86—ഡാം റിഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പ്രവർത്തികൾ (വിദേശസഹായ പദ്ധതികൾ) ക്കായി 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ തുക അനുവദിച്ച് നൽകണമെന്നും സമിതി ശുപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 4.20-ന് പിരിഞ്ഞു.

## 17-4-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 ഏപ്രിൽ മാസം 17-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ III-A കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാന്റെ അഭാവത്തിൽ, എക്സ്-ഒഫീഷ്യോ അംഗവും ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോൺ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ, എം. എൽ. എ
2. ശ്രീ. എം. ചന്ദ്രൻ, „
3. ശ്രീ. പി. കെ. ഗുരുദാസൻ, „
4. ശ്രീ. പി. എ. മാധവൻ, „
5. ശ്രീ. എ. കെ. ശശീന്ദ്രൻ, „
6. ശ്രീ. എം. എ. വാഹീദ്, „

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എക്സ്. അനിൽ, സെക്രട്ടറി, ലേബർ ആന്റ് റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. ബി. ബാബു, അഡീഷണൽ സെക്രട്ടറി, ലേബർ ആന്റ് റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്
3. ശ്രീമതി കെ. പി. ശ്രീലാകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
4. ശ്രീ. ടി. ടി. ആന്റണി, ലേബർ കമ്മീഷണർ, ലേബർ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ. ബിജു, ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
6. ശ്രീ. കെ. ശശി, ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്
7. ശ്രീ. പി. ആർ. റെയ്നോൾഡ്, ജോയിന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്
8. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്

സമിതി, 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XXIV (തൊഴിലും തൊഴിലാളിക്ഷേമവും), XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XXIV-ലെ 4250-800-99—നിയമസഭാസാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ട് എന്ന ശീർഷകം സംബന്ധിച്ച് ചർച്ച ചെയ്തു. നിയമസഭാ സാമാജികർക്ക് അവരുടെ നിയോജകമണ്ഡലങ്ങളിൽ പ്രാദേശികമായ മുൻഗണനാടിസ്ഥാനത്തിൽ ചെയ്യേണ്ട പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടാണ് എം.എൽ.എ. ഫണ്ടെന്നും, നിയമസഭാ സാമാജികരാണ് അധികമായി ഫണ്ട് ആവശ്യമുണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് പറയേണ്ടതെന്നും, അതിനാൽ പ്രസ്തുത ഗൈഡ്ലൈൻസിൽ പരിഷ്ക്കാരങ്ങൾ വരുത്തണമെന്ന ആവശ്യം സമിതിയംഗങ്ങളാണ് ശുപാർശ ചെയ്യേണ്ടതെന്നും, അംഗങ്ങൾ ആവശ്യപ്പെടുന്ന പ്രവൃത്തി ചെയ്യേണ്ടത് ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമാണെന്നും സമിതി അഭിപ്രായപ്പെടുകയും എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതു സംബന്ധിച്ച ഗൈഡ്ലൈൻസിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണമെന്ന് ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), നമ്പർ XXIV (തൊഴിലും തൊഴിലാളിക്ഷേമവും), നമ്പർ XLVI (സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും) എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

2230-01-102-96—പ്രത്യക ഘടകപദ്ധതികൾ

04—മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ്

സംസ്ഥാനത്ത് ഇപ്പോൾ ഇൻഷ്വർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിലേക്കായി നിലവിൽ അനുവദിച്ച തുകയ്ക്ക് പുറമെ 2,80,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

2230-01-001—ഭരണവും നടത്തിപ്പും-99-നടത്തിപ്പ്

ഈ ശീർഷകത്തിൽ 02-വേതനം എന്ന ഇനത്തിൽ 1,26,000 രൂപയും 05-ഓഫീസ് ചെലവ് ഇനത്തിൽ 30,00,000 രൂപയും 21 (1)-വാഹനം വാങ്ങൽ എന്ന

ഇനത്തിൽ 1,00,00,000 രൂപയും 99-വിവരസാങ്കേതികവിദ്യ എന്ന ഇനത്തിൽ 5,00,000 രൂപയും കൂടി ഉൾപ്പെടുത്തി ആകെ 1,38,27,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-001-97—ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

ലേബർ ഓഫീസുകളുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി വെബ് എനേബിൾഡ് സോഫ്റ്റ്‌വെയറിലേക്ക് മാറുവാനും ജില്ലാ ഓഫീസുകൾ ആധുനിക വൽകരിക്കുന്നതിനും ആവശ്യമായ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതത്തിന് ഉപരിയായി 70 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

ഈ ശീർഷകത്തിൽ 04 (1)-ഇനത്തിൽ യാത്രപ്പടിക്കായി ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക കുറവാണ്. ബോർഡ് രൂപീകൃതമായി പ്രവർത്തനം നടക്കുമ്പോൾ നിലവിലെ യാത്രാപ്പടി നിയമവും മന്തിലി സീലിംഗും കണക്കാക്കു മ്പോൾ പ്രസ്തുത തുക കുറവായി വരുന്ന സാഹചര്യത്തിൽ 04 (1)-യാത്രാബത്ത എന്ന ഇനത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-98—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക കമ്മിറ്റി

ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന ഒൻപത് വ്യവസായ ബന്ധ സമിതികളുടെയും ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ്, പ്ലാന്റേഷൻ ലേബർ കമ്മിറ്റി എന്നിവയുടെയും ധാരാളം സിറ്റിംഗുകൾ കൂടേണ്ടിവരുമെന്നതിനാൽ 04 (1)-യാത്രാപ്പടി ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 4 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

05—മറ്റിനങ്ങൾ

ഫോട്ടോകോപ്പിയിംഗ് മെഷീനും ഫർണിച്ചറുകളും വാങ്ങുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക കുറവായതിനാൽ 2,00,000 രൂപ കൂടി അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

05 (4)—മറ്റിനങ്ങൾ

കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഫാക്സ് സൗകര്യവും ഫോട്ടോകോപ്പി മെഷീനും ലഭ്യമല്ലാത്തത് ട്രിബ്യൂണലിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു ഫാക്സ് മെഷീൻ, ഫോട്ടോകോപ്പി

മെഷീൻ എന്നിവ വാങ്ങുന്നതിലേക്കായി അനുവദിച്ച വിഹിതത്തിന് പുറമെ 1 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

21 (2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ഓഫീസിലെ 2008 മോഡൽ അംബാസിഡർ കാർ റിപ്പയർ ചെയ്യുന്നതിനും ഇൻഷ്വറൻസ് അടയ്ക്കുവാനും വരുന്ന ചെലവുകൾ കണക്കിലെടുക്കുമ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

06—വാടക, കരം, നികുതി (RRT)

ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ വീട്ടുവാടക ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ അധികതുക ആവശ്യമായിവരുന്ന സാഹചര്യത്തിൽ 90,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-94—വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം

ഈ ശീർഷകത്തിലെ 01-ശമ്പളം എന്ന ഇനത്തിൽ തുക അപര്യാപ്തമായതിനാൽ 4,04,000 രൂപ അധികമായി വകയിരുത്തുന്നതിനും, 02-വേജസ് എന്ന ഇനത്തിൽ തുക അപര്യാപ്തമായതിനാൽ 47,000 രൂപയും അധികമായി അനുവദിക്കുന്നതിനും, 05 (4) എന്ന ഇനത്തിൽ ട്രിബ്യൂണലിന്റെ ആധുനികവൽക്കരണത്തിന് മാത്രമായി 1 ലക്ഷം രൂപയും ഓഫീസ് ചെലവുകളിലെ 05 (2), 05 (3) എന്നിവയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കുറവായതിനാൽ അധികമായി 1,04,000 രൂപയും ചേർന്ന് 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ ആകെ 2,04,000 രൂപ അധികമായി അനുവദിക്കുന്നതിനും, 21-മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വിഹിതം അപര്യാപ്തമായിതിനാൽ 12,000 രൂപ അധികമായി അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്തു.

2230-01-101-93—തൊഴിൽ കോടതി, കൊല്ലം

05(4)—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കൊല്ലം ലേബർ കോടതിയിൽ നിലവിലുള്ള കമ്പ്യൂട്ടർ സിസ്റ്റം റിപ്പയർ ചെയ്യുന്നതിനും ഒരു കമ്പ്യൂട്ടറും ഡോട്ട് മെട്രിക്സ് പ്രിന്ററും വാങ്ങുന്നതിന് 75,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

5(4)—മറ്റിനങ്ങൾ

കോഴിക്കോട് ലേബർ കോടതിക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടില്ലാത്തതിനാൽ ഒരു എ. സി. ഡീസൽ കാർ വാങ്ങുന്നതിന് 8,00,000 രൂപയും ഒരു ഫാക്സ് മെഷീൻ വാങ്ങുന്നതിന് 10,000 രൂപയും ഉൾപ്പെടെ 8,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

06—വാടക, കരം, നികുതി

പ്രതിമാസം 15,000 രൂപ വാടക നൽകേണ്ടതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 1,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-91—തൊഴിൽ കോടതി, എറണാകുളം

04(2)—സ്ഥലംമാറ്റ ബത്ത

എറണാകുളം ലേബർ കോടതിയിലെ പ്രിസൈഡിങ് ഓഫീസർക്കും സെക്രട്ടറിക്കും സ്ഥലംമാറ്റബത്ത ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക നൽകുന്നതിനായി 15,075 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

05 (3)—ടെലിഫോൺ ചെലവ്

ടെലിഫോൺ ചാർജ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 29,454 രൂപ ചെലവു വന്നിട്ടുള്ളതിനാൽ ഈ ഇനത്തിൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

21(2)—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഓഫീസ് വാഹനത്തിന് പാച്ച്‌വർക്ക്, പെയിന്റിംഗ്, മെക്കാനിക്കൽ വർക്ക് എന്നിവയ്ക്ക് 60,000 രൂപയുടെ എസ്റ്റിമേറ്റ് PWD നൽകിയിരിക്കുന്ന സാഹചര്യത്തിൽ വിഹിതത്തിന് ഉപരിയായി 40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

ഇടുക്കി വ്യവസായ ട്രിബ്യൂണലിന് 04 (1)—യാത്രാബത്ത എന്ന ശീർഷകത്തിൽ 40,000 രൂപയും, 21(2)—മോട്ടോർ വെഹിക്കിൾ—റിപ്പയഴ്സ് ആന്റ് മെയിന്റനൻസ് എന്ന ശീർഷകത്തിൽ 30,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-101-99—വ്യവസായശാല ഡയറക്ടറാഫീസ്

04—യാത്രാച്ചെലവുകൾ

സംസ്ഥാനത്തൊട്ടാകെ 18,740 ഫാക്ടറികളുടെ പരിശോധന, സൈറ്റ് അപ്രൈസൽ, പ്രയോറിട്ടി ഇൻസ്പെക്ഷൻ, എയർമോണിറ്ററിംഗ് സ്റ്റഡി, വിവിധ പരിശീലന പരിപാടികൾ, കൺസ്ട്രക്ഷൻ സേഫ്റ്റിയുമായി ബന്ധപ്പെട്ട പരിശോധനകൾ, അനധികൃതമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ പരിശോധിച്ച് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ കോടതിയിൽ ഹാജരാകേണ്ടതുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രപ്പടി നൽകുന്നതിന് എല്ലാ സാമ്പത്തിക വർഷങ്ങളിലും അനുവദിക്കുന്ന തുക അപര്യാപ്തമാണ്. കൂടാതെ വകുപ്പിലെ ഇൻറ്റേണൽ ആഡിറ്റ്, റിക്കൺസിലിയേഷൻ ജോലികൾ എന്നിവയുമായി ബന്ധപ്പെട്ട് ഓഫീസേഴ്സിന് നൽകുന്ന യാത്രപ്പടിയിലും ഗണ്യമായ വർദ്ധനവ്

വരുന്നുണ്ടെന്നതിനാൽ ഈ ഹെഡിൽ 4,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

05—ഓഫീസ് ചെലവുകൾ

സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പിന്റെ വിലയിലുള്ള വർദ്ധനവ്, വൈദ്യുതിച്ചാർജ്, ടെലിഫോൺ ചാർജ് എന്നിവയിലുള്ള വർദ്ധനവ്, ഓഫീസ് ഉപകരണങ്ങളുടെ മെയിന്റനൻസ് എന്നിവയ്ക്ക് അധികതുക വേണ്ടിവരുന്നതിനാൽ 1,50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

06—വാടക, കരം, നികുതി

ഡയറക്ടറേറ്റ് ഉൾപ്പെടെ 10 ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ വാടക പരിഷ്കരണവുമായി ബന്ധപ്പെട്ട് കുടിശ്ശിക ഉൾപ്പെടെ അധികതുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 2,00,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

21—മോട്ടോർ വാഹനങ്ങൾ

01—വാഹനം വാങ്ങൽ

ഫാക്ടറികളുടെ പരിശോധനയ്ക്ക് വാഹനങ്ങൾ അത്യാവശ്യമാണ്. കൂടുതൽ ഫാക്ടറികൾ പരിശോധിച്ച് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണെങ്കിൽ ഗവൺമെന്റിന്റെ റവന്യൂ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്. വകുപ്പിൽ നിലവിലുള്ള വാഹനങ്ങളിൽ നാല് എണ്ണം കണ്ടംചെയ്തതിനാൽ വാഹനങ്ങളുടെ ദൗർലഭ്യം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെയും റവന്യൂ കളക്ഷനെയും സാരമായി ബാധിക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ഇപ്പോൾ 2 വാഹനങ്ങൾ വാങ്ങാനുള്ള ഗവൺമെന്റ് ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഇനി 2 വാഹനങ്ങൾകൂടി വാങ്ങുന്നതിനായി 20 ലക്ഷം രൂപ കൂടി ആവശ്യമാണ്. ആയത് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

34—മറ്റു ചെലവുകൾ

ഫർണിച്ചറുകൾ റിപ്പയർ ചെയ്യുന്നതിനും ഉപഓഫീസുകൾക്ക് കമ്പ്യൂട്ടർ ടേബിൾ വാങ്ങുന്നതിനും, ഉപഓഫീസുകളിലെ പഴയ കേടുപാടുവന്ന ഫർണീച്ചറുകൾ മാറ്റി വാങ്ങുന്നതിനും മറ്റുമായി വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-102-95—ജോലി സുരക്ഷിതത്വവും, ആരോഗ്യപ്രവർത്തനവും

04—യാത്രാച്ചെലവുകൾ

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന Major Accident Hazardous ഫാക്ടറികളിൽ Air Monitoring Study, Priority Inspection എന്നിവ നടത്തുന്നതിനും, രാസാപകടങ്ങൾ സംഭവിക്കുമ്പോൾ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് നൽകുന്നതിനും മറ്റും സേഫ്റ്റി സെല്ലിലെ ടെക്നിക്കൽ സ്റ്റാഫ് നിർബന്ധമായും പോകേണ്ടതുണ്ട്. കൂടാതെ സൈറ്റ് അപ്രൈസൽ നടത്തുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്യുന്നതിനുമായി ഓഫീസേഴ്സിന് യാത്രാപ്പടി നൽകുന്നതിന് അധികതുക വേണ്ടിവരുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ അനുവദിച്ച വിഹിതത്തിന് പുറമെ 80,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

05—ഓഫീസ് ചെലവുകൾ

വൈദ്യുത ചാർജിലും ടെലിഫോൺ ചാർജിലും കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസിനായും അധികതുക വേണ്ടി വരുന്നതുകൊണ്ട് 1,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

45—പി.ഒ.എൽ.

ഇന്ധന വിലവർദ്ധനവ് തരണം ചെയ്യുന്നതിന് അനുവദിച്ച തുക അപര്യാപ്ത മായതിനാൽ 50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-96—കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

10—സംഭാവന

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ നിരക്ക് 525 രൂപയായി ഉയർത്തിയതുമൂലമുണ്ടായ വർദ്ധനവ് കണക്കിലെടുക്കുമ്പോഴും 2011-12-ലെ ആറ് മാസത്തെ പെൻഷൻ കുടിശ്ശിക ബാദ്ധ്യതയായി ഉള്ളതിനാലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 47,74,36,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-94—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

10—സംഭാവന

മരംകയറ്റ തൊഴിലാളികൾക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതർക്ക് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകിവരുന്നതായും 2011-12 സാമ്പത്തികവർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 85 ലക്ഷം രൂപ തികയാതെവന്ന സാഹചര്യത്തിൽ അതുവരെയുള്ള അപേക്ഷകളുടെ എണ്ണം കണക്കിലെടുത്ത് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ കൂടി

അഡീഷണൽ ഓതറൈസേഷനിലൂടെ അനുവദിച്ചിരുന്നതായും അപ്രകാരം ബഡ്ജറ്റിൽ ആകെ വകയിരുത്തിയ 1,85,30,000 രൂപ 2011 നവംബർ വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. ആയതിനാൽ 2011 ഡിസംബർ മുതൽ മാർച്ച് വരെയും അതുകഴിഞ്ഞ് 2012-13 സാമ്പത്തികവർഷം തീരുംവരെയും ആനുകൂല്യവിതരണത്തിനായി 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-92—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതി

10—സംഭാവന

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻനിരക്ക് 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 9300 പെൻഷനേഴ്സുള്ള പ്രസ്തുത ബോർഡിൽ പെൻഷൻ നൽകുവാൻ മാത്രം 6,17,14,800 രൂപ വേണ്ടിവരുമെന്നുള്ള തിനാൽ ഈ ശീർഷകത്തിൽ 5,86,35,000 രൂപ കൂടി അധികമായി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-88—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

10—സംഭാവന

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനം നൽകുന്നതിന് 2011-12-ലെ കണക്കുപ്രകാരം 1,00,43,151 രൂപ ആവശ്യമുണ്ട്. ആയതിനാൽ 90,43,151 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-86—കേരളത്തിലെ തയ്യൽത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും

10—സംഭാവന

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2011-12 വരെ സർക്കാരിൽ നിന്നും 1,85,71,775 രൂപ ലഭിക്കുവാനുണ്ട്. കൂടാതെ പെൻഷൻനിരക്ക് ഉയർത്തി യതുമൂലമുള്ള വർദ്ധനവ് 2011-12-ലെ അവസാനത്തെ ആറ് മാസക്കാലത്തെ പെൻഷൻ കുടിശ്ശികയും നൽകുന്നതിനായി 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-79—കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്

10—സംഭാവന

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കണക്ക് പ്രകാരം 2011-12 വർഷം വരെ 13,78,00,000 രൂപ

ഗ്രാന്റായി ലഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 13.78 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-78—1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളി കൾക്ക് പെൻഷൻ നൽകുന്നതിന്

10—സംഭാവന

312 തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ 2011-12-ലെ അവസാനത്തെ ആറുമാസത്തെ പെൻഷൻ നൽകുന്നതിനായി കുടിശ്ശികയായ 7,76,240 രൂപയും 2012-13-ലെ വർദ്ധിപ്പിച്ച പെൻഷൻ നൽകുന്നതിന് ആകെ 29,59,000 രൂപയും ഉൾപ്പെടെ 37,35,240 രൂപ ആവശ്യമായിവരുന്ന സാഹചര്യത്തിൽ 29,65,240 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-73—കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി—അംശദാനം

10—സംഭാവന

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കണക്കുകൾ പ്രകാരം 3/2012 വരെ പെൻഷൻ നൽകുവാനായി മാത്രം 78,42,000 രൂപ ആവശ്യമാണ്. കൂടാതെ ക്ഷേമ പെൻഷൻ 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 2,68,19,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-72—കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ്—അംശദാനം

10—സംഭാവന

2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലേക്കുള്ള മാച്ചിംഗ് ഗ്രാന്റായി ബോർഡിന് ലഭിക്കേണ്ട 14,70,70,514 രൂപയും ബോർഡിലെ അംഗങ്ങൾക്ക് ക്ഷേമാനുകൂല്യവിതരണത്തിന് 81,55,20,000 രൂപ ആവശ്യമായതിനാൽ ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം കിഴിച്ച് ബാക്കിയുള്ള 95,65,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-71—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളിക്ഷേമ ബോർഡ്—അംശദാനം

10—സംഭാവന

2011-12-ലെ ആറ് മാസത്തെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും ക്ഷേമ പെൻഷൻ 125 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ഇനത്തിൽ 3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം കിഴിച്ച് 2,90,00,000 രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി സംഭാവന

പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് നൽകുന്നതിന് 2012-13 വർഷത്തേക്ക് 6 കോടി രൂപയെങ്കിലും ഈയിനത്തിൽ ചെലവ് വരുമെന്ന് സമിതി മനസ്സിലാക്കുന്നു. 2012-13-ൽ ഈ ഇനത്തിൽ 1,000 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ എന്നതിനാൽ 16,78,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-61—കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമപദ്ധതി

10—സംഭാവന

2011-12 വരെ കേരള ബാർബർ-ബ്യൂട്ടീഷൻ ക്ഷേമപദ്ധതി വ്യവസ്ഥ പ്രകാരം സർക്കാർ നൽകുവാനുള്ള അംശദാന കുടിശ്ശിക 1,27,26,677 രൂപയാണ്. 2011-12-ലെ പെൻഷൻ കുടിശ്ശിക ഇനത്തിൽ 30,52,000 രൂപയും 2012-13-ലേക്ക് 63,36,000 രൂപയും ചെലവഴിക്കേണ്ട സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം കിഴിച്ച് ബാക്കിയായ 2,04,14,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-59-10—കേരള പീടിക വാണിജ്യസ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്—സംഭാവന

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ആക്ട് വകുപ്പ് (4) ഉപവകുപ്പ് (4) പ്രകാരം ഈ ക്ഷേമനിധിയിലെ ഓരോ അംഗവും അടയ്ക്കുന്ന വിഹിതത്തിന്റെ 25% സർക്കാർ ഗ്രാന്റായി ബോർഡിലേക്ക് നൽകേണ്ട താണ് എന്ന് സമിതിയെ അറിയിച്ചു. ഇത് പ്രകാരം 2007-08 മുതൽ 2010-11 വരെ ബോർഡിന് കുടിശ്ശികയായി ഒരു കോടി എഴുപത് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപയും 2012-13-ൽ ബോർഡ് പ്രതീക്ഷിക്കുന്ന തൊഴിലാളി വിഹിതത്തിന്റെ 25% ആയ 4,11,00,870 രൂപയും ചേർത്ത് ആകെ 5,81,17,215 രൂപ സർക്കാർ ഗ്രാന്റായി അനുവദിക്കേണ്ട സാഹചര്യത്തിൽ 2012-13-ലെ ബഡ്ജറ്റ് വിഹിതമായ 31 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 5,50,17,000 രൂപ കൂടി അധികമായി അനുവദിക്കുന്നതിന് സമിതി ശുപാർശ ചെയ്തു.

2230-01-103-57-10—കേരള സ്വർണ്ണപ്പണിക്കാരുടെ ക്ഷേമനിധി ബോർഡ്—സംഭാവന

കേരള ജുവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 50% ഷെയർ ആയി ബോർഡിന് നൽകണമെന്നതിനാൽ ഈ ശീർഷകത്തിൽ 18,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-50-10—കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി സംഭാവന

ഈ പദ്ധതി പ്രകാരം സർക്കാർ കോൺട്രിബ്യൂഷനായി 2008-09 മുതൽ 2011-12 വരെ 60,67,834 രൂപ ലഭിക്കുവാനുണ്ട്. കൂടാതെ, പെൻഷൻ നൽകുന്നത് ഗവൺമെന്റിൽ നിന്നുമാകയാൽ ആയിനത്തിൽ 2011-12-ലേക്ക് 14,52,000 രൂപയും 2012-13-ലേക്ക് 24,00,000 രൂപയുമുൾപ്പെടെ ആകെ 99,19,834 രൂപയായി

കണക്കാക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം കിഴിച്ച് ബാക്കിയായ 86,20,000 രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-35—കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമപദ്ധതി

10—സംഭാവന

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15,68,70,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-34—കേരളാ ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി

10—സംഭാവന

സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 1,00,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-32—കേരളത്തിലെ വില വിവര സൂചിക നിർണ്ണയം

10—സംഭാവന

2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവരശേഖരണം നടത്തിവരികയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 42,00,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുള്ള ശമ്പള പരിഷ്കരണവും ദിവസ വേതന തൊഴിലാളികളുടെ വേതന വർദ്ധനവും കമ്മിറ്റി അംഗങ്ങളുടെ യാത്രപ്പടി ക്ലാസ്-1 ആഫീസറിന് തുല്യമാക്കുകയും ചെയ്ത സാഹചര്യത്തിൽ അടങ്കൽ തുക 65,01,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ ബഡ്ജറ്റ് വിഹിതം കിഴിച്ച് ബാക്കിത്തുകയായ 23,01,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-01-103-27—അവശരായ മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം

കുടിശ്ശിക ഉൾപ്പെടെ 8/2011 മുതൽ 3/2013 വരെ തൊഴിലാളികൾക്ക് പെൻഷൻ നൽകുവാൻ 6,24,91,200 രൂപ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 3 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-001-99—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-11-ൽത്തന്നെ ടെലിഫോൺ, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 6.229 ലക്ഷം രൂപയും, കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുള്ള ഓഫീസുകളിലെ

കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 99—വിവരസാങ്കേതികവിദ്യ ഇനത്തിൽ 4 ലക്ഷം രൂപയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റേണൽ ആഡിറ്റ് ശാക്തീകരിക്കുന്നതിനും തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും, ഇ.എം.ഐ., വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിന് ഒരു വാഹനവും ഉൾപ്പെടെ 15 വാഹനങ്ങൾ വാങ്ങുന്നതിന് 1,19,00,000 രൂപ 21(1) Purchase of Vehicle എന്ന ഇനത്തിലും അധികമായി ഈ ശീർഷകത്തിൽ ആകെ 1,29,22,900 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

സംസ്ഥാനത്തെ ആകെയുള്ള 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 62 ഇടങ്ങളിൽ കമ്പ്യൂട്ടർവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012-13 കാലയളവിൽ സംസ്ഥാനത്തെ കമ്പ്യൂട്ടറൈസ് ചെയ്യാത്ത മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് 50 ലക്ഷംരൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-101-89—പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

34—മറ്റു ചെലവുകൾ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ്-കം-ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 1,27,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

2012-13 സാമ്പത്തിക വർഷം തൊഴിൽരഹിത വേതനം കുടിശ്ശിക തീർത്തു നൽകുന്നതിന് ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-02-192—50—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റികൾക്കുള്ള സഹായം—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

12/2011 മുതൽ 2/2013 വരെയുള്ള 15 മാസത്തെ തൊഴിൽരഹിത വേതനം കുടിശ്ശികതീർത്ത് വിതരണം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

04—യാത്രാചെലവ്-1 യാത്രാബത്ത ഇനത്തിൽ 1,70,000 രൂപയും 04—യാത്രാ ചെലവ് -2 സ്ഥലംമാറ്റബത്ത ഇനത്തിൽ 50,000 രൂപയും, 05—ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ വാട്ടർ ചാർജിനായി 17,000 രൂപയും ടെലിഫോൺ ചാർജിനായി 72,000 രൂപയും, മറ്റിനങ്ങൾ എന്നതിൽ 58,000 രൂപയും, 21—മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ 10,23,000 രൂപയും, 34—മറ്റുചെലവുകൾ എന്നതിൽ 12,00,000 രൂപയും, 45—പി.ഒ.എൽ. എന്ന ഇനത്തിൽ 53,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

04—യാത്രാച്ചെലവുകൾ-1 യാത്രാബത്ത എന്ന ഇനത്തിൽ 6,000 രൂപയും 04—യാത്രാച്ചെലവുകൾ-2 സ്ഥലമാറ്റബത്ത എന്ന ഇനത്തിൽ 2,000 രൂപയും, 05—ഓഫീസ് ചെലവുകൾ-4, മറ്റിനങ്ങൾ എന്നതിൽ 5,000 രൂപയും 17—ചെറുകിട മരാമത്ത് പണികൾ എന്ന ഇനത്തിൽ 50,000 രൂപയും 34—മറ്റു ചെലവുകൾ (നോൺ പ്ലാൻ) ഇനത്തിൽ 20,000 രൂപയും 34—മറ്റു ചെലവുകൾ (പ്ലാൻ) ഇനത്തിൽ ട്രെയിനിംഗ് ആവശ്യത്തിനും ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-001-97—ആസൂത്രണ നിരീക്ഷണ വിഭാഗം—നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആധുനികവൽക്കരിച്ച് പൂർണ്ണമായും കമ്പ്യൂട്ടർ അടിസ്ഥാനത്തിൽ ആക്കുന്നതിനാണ് തുക ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത സെൽ, സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും, സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനെല്ലാം കൂടി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ബാക്കി 200 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

2230-03-001-95—ഐ. ടി.-യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ

ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, ഐ.ടി.ഐ.-കളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കെൽട്രോണുമായി സഹകരിച്ച്, അവരുടെ വിദഗ്ദ്ധ ഉപദേശത്തോടും, സഹായത്തോടും കൂടെയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി സംസ്ഥാനത്തെ 30 ഐ.ടി.ഐ.-കളിൽ നടപ്പിലാക്കാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഐ.ടി.ഐ.-കളിൽ കൂടി ഇത് വ്യാപിപ്പിക്കേണ്ടതുണ്ട്. യന്ത്രോപകരണങ്ങളുടെയും സോഫ്റ്റ്‌വെയറിന്റെയും സംഭരണം, മെയിന്റനൻസ്, സർവ്വീസ് സപ്പോർട്ട്, ഐ.ടി.ഐ.-കളിൽ യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 280 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 80 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്തു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

ഈ ശീർഷകത്തിൽ 02—വേജസ് ഇനത്തിൽ 50,000 രൂപയും 04-1—യാത്രാബത്ത ഇനത്തിൽ 1,64,79,000 രൂപയും, 04-02—സ്ഥലംമാറ്റബത്ത 3,42,000 രൂപയും, 05—ഓഫീസ് ചെലവുകൾ ഇനത്തിൽ 13,72,000 രൂപയും 3—ടെലിഫോൺ ചാർജ് ഇനത്തിൽ 7,75,000 രൂപയും, 4—മറ്റിനങ്ങൾ 4,20,000 രൂപയും, 12—സ്ക്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും 16,00,000 രൂപയും, 17—മൈനർ വർക്സ് 9,30,00,000 രൂപയും, 28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ 4,00,000 രൂപയും, 34—മറ്റു ചെലവുകൾ 4,22,58,000 രൂപയും, 45—പി.ഒ.എൽ. 73,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-98—വ്യാവസായിക പരിശീലന കേന്ദ്രം, പള്ളിക്കത്തോട്

ഈ ശീർഷകത്തിൽ (04)-1—യാത്രാബത്ത ഇനത്തിൽ 1,32,000 രൂപയും, സ്ഥലംമാറ്റബത്ത എന്ന ശീർഷകത്തിൽ 15,000 രൂപയും, 05—ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 3,000 രൂപയും, 12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,00,000 രൂപയും, 28 തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും 45—പി.ഒ.എൽ. എന്ന ശീർഷകത്തിൽ 5,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

പ്രസ്തുത ശീർഷകത്തിൽ 04-1—യാത്രാബത്ത ഇനത്തിൽ 35,000 രൂപയും, 04-2—സ്ഥലംമാറ്റബത്ത ഇനത്തിൽ 14,000 രൂപയും, 05—ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ 3—ടെലിഫോൺ ചെലവ് ഇനത്തിൽ 10,000 രൂപയും 4—മറ്റിനങ്ങൾ എന്നതിൽ 14,000 രൂപയും ചേർത്ത് ആകെ 24,000 രൂപയും, 12—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്ന ഇനത്തിൽ 1,50,000 രൂപയും, 28—തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 15,000 രൂപയും 34—മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 7,00,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-87—ഐ.ടി.ഐ.-കളുടെ നവീകരണം—34—മറ്റു ചെലവുകൾ

3—മറ്റിനം

സംസ്ഥാനത്തെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.-കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.-യുമായി അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.-കളിൽ തൊഴിൽസാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുന്നതിനും, അതോടൊപ്പം കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക എന്നിവയ്ക്കായി ആണ് 2867.44 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നത് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. എന്നാൽ നിലവിലെ ഐ.ടി.ഐ.-കളിലെ മരാമത്ത് പണികൾ

കൂടി ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ 500 ലക്ഷം രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-76—പ്രത്യേക തൊഴിൽ പരിശീലനം

ഈ ശീർഷകത്തിൽ 04 (1)-യാത്രാബത്ത ഇനത്തിൽ 14,000 രൂപയും, 04-(2)-സ്ഥലംമാറ്റബത്ത എന്ന ഇനത്തിൽ 22,000 രൂപയും 05-ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 2,000 രൂപയും, 34-മറ്റു ചെലവുകൾ എന്നയിനത്തിൽ 10,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-101-74—വനിതാഐ.ടി.ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗവിവേചനം ന്യൂനീകരിക്കൽ)

സംസ്ഥാനത്ത് ഇപ്പോൾ 11 വനിതാ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കോട്ടയം, ഇടുക്കി, മലപ്പുറം, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ വനിതാ ഐ.ടി.ഐ.-കൾ ഇല്ലാത്തതിനാൽ ടി ജില്ലകളിലെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടും സഹകരണത്തോടും കൂടി ഓരോ വനിതാ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ബാക്കി 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

ഈ ശീർഷകത്തിൽ അനുവദിച്ച തുക വളരെ അപര്യാപ്തമായതിനാൽ 04-2- ട്രാൻസ്ഫർ ടി. എ. ഇനത്തിൽ 40,000 രൂപയും, 05-ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിലെ വെള്ളക്കരം ഇനത്തിൽ 5,000 രൂപയും 3-ടെലഫോൺ ചെലവ് എന്ന ഇനത്തിൽ 17,000 രൂപയും, മറ്റിനങ്ങൾ എന്നതിൽ 10,000 രൂപയും ചേർത്ത് ആകെ 32,000 രൂപയും, 28-തൊഴിൽപരവും പ്രത്യേകസേവനങ്ങൾക്കുമുള്ള ചെലവുകൾ എന്ന ഇനത്തിൽ 15,000 രൂപയും 34-മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിൽ യഥാക്രമം 75,000 രൂപ, 3,01,000 രൂപ എന്നീ തുകകളും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-36-സഹായധനം-ശമ്പളേതരം

പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള പഠന ഗവേഷണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റായി (ഐ.എൽ.എസ്.എം.) രൂപപ്പെടുത്താൻ 1500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുകയ്ക്കു പുറമെ 1468 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2230-03-800-94—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്-36-സഹായധനം-ശമ്പളേതരം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, കെട്ടിട വാടക മുതലായവയ്ക്ക് 32.90 ലക്ഷം രൂപ വേണ്ടിവരുന്ന സാഹചര്യത്തിൽ അധികമായി 17.90 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പുതിയ പദ്ധതികൾക്കുള്ള ശുപാർശ

**ട്രെയിനിംഗ്, കൗൺസലിംഗ് & പ്ലേസ്മെന്റ് സെൽ (പുതിയ സ്കീം)**

ഐ.ടി.ഐ.-കളിൽ കമ്പ്യൂട്ടർ, ഫോൺ ലൈൻ, ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തികൊണ്ട് ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുവാൻ ഡി.ജി.ഇ.&റ്റി. നിർദ്ദേശിച്ചിട്ടുള്ളതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിനും, സൗകര്യം ഒരുക്കുന്നതിനുമായി 72 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**റീജിയണൽ ഡയറക്ടറേറ്റ്, എറണാകുളം**

കഴിഞ്ഞ മൂന്നുവർഷത്തിൽ 38 ഐ.ടി.ഐ.-കൾ സംസ്ഥാനത്ത് പുതിയതായി സർക്കാർ അനുവദിക്കുകയും അവ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതായും 7 ഐ.ടി.ഐ.-കൾ 1-ാം നിര ഐ.ടി.ഐ.കളായി ഉയർത്തുകയും ചെയ്തിട്ടുള്ളതായും കൂടാതെ സംസ്ഥാനത്ത് 500-ൽ അധികം സ്വകാര്യ ഐ.ടി.ഐ.-കളും പ്രവർത്തിക്കുന്നതായും ഇക്കാരണത്താൽ ഡയറക്ടറേറ്റിലെ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട് എന്നും കൂടുതൽ ഫലപ്രദവും കാര്യക്ഷമവും ആയ പ്രവർത്തനത്തിനും വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും കണ്ണൂർ മേഖലാകേന്ദ്രം പോലെ എറണാകുളത്ത് ഒരു മേഖലാകേന്ദ്രം അത്യന്താപേക്ഷിതമാണ് എന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്കായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

**എസ്.സി.വി.റ്റി.-യുടെ പുനഃസംഘടനയും ശക്തിപ്പെടുത്തലും**

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തണമെന്ന് ഡി.ജി.ഇ&റ്റി നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്കിൽ ട്രെയിനിംഗ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും, നിയന്ത്രിക്കുന്നതിനും എസ്.സി.വി.റ്റി. ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള സ്കിൽ ട്രെയിനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള സംവിധാനം എസ്.സി.വി.റ്റി.-യുടെ കീഴിൽ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഇവയ്ക്കെല്ലാമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത്രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെ പറയും പ്രകാരമാണെന്ന് സമിതിയെ അറിയിച്ചു:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | .. | 255,33,30,000 |
| മുനിസിപ്പാലിറ്റീസ് | .. | 16,88,40,000 |
| കോർപ്പറേഷൻ | .. | 50,91,000 |
| ആകെ | .. | 272,72,61,000 |

എല്ലാം ക്ഷേമ പെൻഷനുകളും 525 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷക തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 87,70,42,584 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.

## 2-5-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 മേയ് മാസം 2-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-B' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, ”
3. ശ്രീ. പി. കെ. ഗുരുദാസൻ, ”
4. ശ്രീ. എം. ഹംസ, ”
5. ശ്രീ. പി. എ. മാധവൻ, ”
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ”
7. ശ്രീ. എ. കെ. ശശീന്ദ്രൻ, ”
8. ശ്രീ. കെ. ശിവദാസൻ നായർ, ”
9. ശ്രീ. എം. എ. വാഹീദ്, ”

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.

2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി, 2012-13 സാമ്പത്തിക വർഷത്തെ സബ്ജക്റ്റ് കമ്മിറ്റി VII-നോട് ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 23-5-2012-ന് തിരുവനന്തപുരത്ത് ചേരാനും പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് നിർമ്മാണത്തിലിരിക്കുന്ന Model Residential Polytechnic-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അനെർട്ട്, ഐ.എച്ച്.ആർ.ഡി., ബി.എസ്.എൻ.എൽ. എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിനും തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.20-ന് പിരിഞ്ഞു.

## 6-6-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 ജൂൺ മാസം 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV C' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, „
3. ശ്രീ. പി. കെ. ഗുരുദാസൻ, „
4. ശ്രീ. എം. ഹംസ, „
5. ശ്രീ. പി. എ. മാധവൻ, „
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, „

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജി. ഏലിയാസ്, സെക്രട്ടറി, ഊർജ്ജ വകുപ്പ്
2. ശ്രീ. സയ്യദ് റഷീദ്, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
3. ശ്രീ. പി. വൽസരാജ്, ഡയറക്ടർ, അനെർട്ട്
4. ശ്രീ. കെ. ബിജു, ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്
5. ഡോ. എം. ബീനത്ത്, ഡി.ഐ.എം.എസ്.
6. ശ്രീ. ബി. ബാബു, അഡീഷണൽ സെക്രട്ടറി, ലേബർ ആന്റ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്
7. ശ്രീ. ജി. ബാലചന്ദ്രൻ നായർ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്
8. ശ്രീ. ടി. ടി. ആന്റണി, ലേബർ കമ്മീഷണർ
9. ശ്രീ. കെ. ചന്ദ്രശേഖര ബാബു, സെക്രട്ടറി, കെ.എസ്.ഇ.ആർ.സി.
10. ശ്രീ. ആർ. സതീഷ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ബി.എസ്.എൻ.എൽ.
11. ശ്രീ. എം. മുഹമ്മദ് അലിറാവുത്തർ, മെമ്പർ, കെ.എസ്.ഇ.ബി.
12. ശ്രീ. കെ. വി. അശോകൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി.എസ്.എൻ.എൽ.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## I. പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ നിലവിലുള്ള സ്ഥിതിയും നിർമ്മാണവും

പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ നിർമ്മാണത്തിന് ആകെ പതിനാറ് കോടി രൂപയാണ് എസ്റ്റിമേറ്റിലുള്ളതെന്നും അതിൽ 8 കോടി രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും, 8 കോടി രൂപ അനെർട്ടിന്റെ ഫണ്ടിൽ നിന്നുമാണ് വകയിരുത്തിയിട്ടുള്ളതെന്നും പോളിടെക്നിക്കിനുവേണ്ടി ഐ.എച്ച്.ആർ.ഡി-യ്ക്ക് അഞ്ചേക്കർ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ടെന്നും സമിതിയിൽ വെളിപ്പെടുത്തി.

നിർമ്മാണപ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള പണം ലഭിക്കാത്തതുകൊണ്ടാണ് പണി തടസ്സപ്പെട്ടിരിക്കുന്നത് എന്ന് BSNL സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ഥാപനമായ ബി.എസ്.എൻ.എൽ. ആണ് വർക്ക് ഏറ്റെടുത്തിരിക്കുന്നത് എന്നതിനാൽ പ്രസ്തുത നിർമ്മാണം എത്രയുംവേഗം

പൂർത്തിയാക്കേണ്ടതിനായി 3 കോടി രൂപ ബി.എസ്.എൻ.എൽ.-ന് നൽകാൻ അനെർട്ടിന്റെ ഡയറക്ടറോട് സമിതി ചെയർമാൻ നിർദ്ദേശിച്ചു. ഇപ്രകാരം ചെയ്യാമെന്ന് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് എത്രയുംവേഗം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഐ.എച്ച്.ആർ.ഡി.-ക്ക് ബിൽഡിംഗ് കൈമാറണമെന്നും സമിതി ചെയർമാൻ നിർദ്ദേശിച്ചു. കൂടാതെ വർക്ക് പ്രോഗ്രസ് അനുസരിച്ച് റിപ്പോർട്ട് കൊടുക്കണമെന്നും റിക്വയർമെന്റ് 15 ദിവസം മുൻകൂട്ടി കൊടുക്കണമെന്നും, അത് ലഭിക്കാതെ വന്നാൽ സമിതി ചെയർമാനേയോ, വകുപ്പുസെക്രട്ടറിയെയോ വിവരം അറിയിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. പ്രസ്തുത പോളിടെക്നിക് നിർമ്മാണത്തിന്റെ പുരോഗതി നേരിട്ട് പോയി പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

II. **ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

1. ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III-ന്റെ മൂന്നാമത് റിപ്പോർട്ട് (2008-09).

   ഫയൽ നമ്പർ 15767/സബ്സി.സി1/2010/ലെജി ഖണ്ഡിക 38, 40.

2. വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട് (2011-2012).

   (ഫയൽ നമ്പർ 4870/സബ്സി.സി1/11/ലെജി)

   ഖണ്ഡിക 53,54,55,56,57.

3. സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അഞ്ചാമത് റിപ്പോർട്ട് (2010-2011).

   ഖണ്ഡിക 34

   (ഫയൽ നമ്പർ 14977/സബ്സി.സി1/2010/ലെജി)

4. 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട് (2011-2012).

   ഖണ്ഡിക 1, 2, 3, 17, 24, 32, 33, 40, 41, 42, 43, 44, 46, 48, 49, 50, 51, 58. (ഫയൽ നമ്പർ 4870/സബ്സി.സി1/11/ലെജി.)

III. **സമിതിയുടെ 29-6-2010 മുതൽ 31-3-2011 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.**

യോഗം വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു.

747/2013.

## 23-7-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 ജൂലൈ മാസം 23-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.35-ന് നിയമസഭാ കോംപ്ലക്സിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോണും താഴെ പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എ. കെ. ബാലൻ, എം. എൽ. എ.
2. ശ്രീ. എം ചന്ദ്രൻ, ,,
3. ശ്രീ. പി. കെ. ഗുരുദാസൻ, ,,
4. ശ്രീ. എം. ഹംസ, ,,
5. ശ്രീ. പി. എ. മാധവൻ, ,,
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ,,
7. ശ്രീ. കെ. ശിവദാസൻ നായർ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി, 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ടിലെ 7, 8, 9, 10, 11, 12, 13, 19, 20, 22, 23, 25, 27, 28, 29, 30, 35, 36, 37, 45, 52 എന്നീ ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും, അവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 2011-12-ലെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിച്ച് അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.55-ന് പിരിഞ്ഞു.

## 17-10-2012-ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI1, 2012 ഒക്ടോബർ മാസം 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. ഹംസ, എം.എൽ.എ.
2. ശ്രീ. പി. എ. മാധവൻ, ,,
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ,,
4. ശ്രീ. എ. കെ. ശശീന്ദ്രൻ, ,,
5. ശ്രീ. കെ. ശിവദാസൻ നായർ, ,,
6. ശ്രീ. എം. എ. വാഹീദ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബി. ബാബു, അഡീഷണൽ സെക്രട്ടറി, ലേബർ ആന്റ് റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ്
4. ഡോ. എം. ബീനത്ത്, ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്
5. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീമതി ടി. എൽ. തങ്കമണി, ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്
7. ശ്രീ. ബി. ശ്രീധരൻ, സീനിയർ ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും യോഗത്തിൽ ഹാജരായ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

I. **1990-ലെ അബ്കാരി തൊഴിലാളിക്ഷേമ പദ്ധതിയുടെ അദ്ധ്യായം 7-ൽ ഖണ്ഡിക 35 ഭേദഗതി ചെയ്തത് സംബന്ധിച്ച് പുറപ്പെടുവിച്ച എസ്.ആർ.ഒ.-യുടെ സാധൂകരണം.**

(ഫയൽ നമ്പർ 3724/സബ്.സി.സി1/2012/ലെജി.)

പ്രസ്തുത എസ്.ആർ.ഒ.യിൽ എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ഇതിൽ ഒരു ചെറിയ പിശക് വന്നിട്ടുണ്ടെന്നും, ഇതിന്റെ ആദ്യഭാഗത്ത് വിജ്ഞാപനം എന്ന ഹെഡ്ഡിംഗിനുശേഷം ആക്ടിന്റെ പേര് "കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്ട്" എന്നതിന് പകരം "കേരള അബ്കാരി തൊഴിലാളിക്ഷേമനിധി പദ്ധതി" എന്നാണ് അച്ചടിച്ചിരിക്കുന്നത് എന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത തെറ്റ് തിരുത്തുന്നതിനായി ഒരു തിരുത്തൽ പത്രിക (ഇറാറ്റം) പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് അദ്ദേഹം സമിതിയിൽ വെളിപ്പെടുത്തി. അപ്രകാരം ചെയ്തശേഷം ഇറാറ്റത്തിന്റെ പ്രതി സമിതിക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. **1993-ലെ കേരള ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച കരട് ചട്ടം സമിതി പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.**

(ഫയൽ നമ്പർ 4183/സബ്.സി.സി1/12/ലെജി)

III. **തുടർന്ന്, വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ തൊഴിലും പുനരധിവാസവും വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിശോധിച്ചു.**

1. 2004-05 സാമ്പത്തികവർഷത്തെ നാലാമത് റിപ്പോർട്ട്

ഖണ്ഡിക 25

(ഫയൽ നമ്പർ 10428/സബ്.സി.സി1/04/ലെജി)

2004-05 സാമ്പത്തികവർഷത്തെ നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടായതു സംബന്ധിച്ച് സമിതിയിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി വിശദീകരണം ആരാഞ്ഞു.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടേറേറ്റിൽ നിന്ന് വളരെ വൈകിയാണ് റിപ്പോർട്ട് ലഭ്യമായതെന്ന് ലേബർ & റീഹാബിലിറ്റേഷൻ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നത് സമിതിയെ അവഹേളിക്കുന്നതിന് തുല്യമായതിനാൽ സമിതിയുടെ അടുത്തയോഗത്തിനു മുമ്പ് ഇതു സംബന്ധിച്ച കാരണം അറിയിക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

കൂടാതെ സഭയിൽ സമർപ്പിച്ചിട്ടുള്ള സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവ സംബന്ധിച്ച് ഒരു പെൻഡിംഗ് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2. 2010-11 സാമ്പത്തികവർഷത്തെ അഞ്ചാമത് റിപ്പോർട്ട്

ഖണ്ഡിക 25

(ഫയൽ നമ്പർ 14977/സബ്.സി.സി1/10/ലെജി.)

അംഗീകരിച്ചു.

3. 2011-12 സാമ്പത്തികവർഷത്തെ ഒന്നാമത് റിപ്പോർട്ട്

ഖണ്ഡിക -31

(ഫയൽ നമ്പർ 4870/സബ്.സി.സി1/11/ലെജി)

അംഗീകരിച്ചു.

4. 2012-13 സാമ്പത്തികവർഷത്തെ രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 26,28

(ഫയൽ നമ്പർ 3036/സബ്.സി.സി1/12/ലെജി.

അംഗീകരിച്ചു.

തുടർന്ന് താഴെപ്പറയുന്ന വിഷയം സമിതി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി സമിതി അദ്ധ്യക്ഷൻ സംസാരിച്ചു.

സംസ്ഥാനത്ത് ഓരോ വർഷവും 50 കോടി രൂപ തൊഴിലില്ലായ്മ വേതനമായി നൽകുന്നുണ്ടെന്നും, 44 ലക്ഷം തൊഴിൽ രഹിതരുള്ളതിൽ മൂന്നര ലക്ഷം പേർക്ക് മാത്രമാണ് ഇത് ലഭിക്കുന്നതെന്നും, അനർഹരായിട്ടുള്ളവരും തൊഴിലില്ലായ്മ വേതനം വാങ്ങുന്നുണ്ടെന്നും, തൊഴിലുറപ്പു പദ്ധതി വന്നതോടുകൂടി തൊഴിലില്ലായ്മ വേതനത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണെന്നും, 50 കോടി രൂപ സ്കിൽ ഡെവലപ്പ്മെന്റിന് വേണ്ടി വിനിയോഗിക്കുകയാണെങ്കിൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നല്കാൻ സാധിക്കുമെന്നും ഈ വിഷയത്തെക്കുറിച്ച് ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്തിയതിനുശേഷം ഇക്കാര്യം യുവജനങ്ങളുമായി ചർച്ച ചെയ്യാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആയതിനാൽ, New Employment Generation/Skill Development എന്നിവ സംബന്ധിച്ച് ഒരു power point presentation നടത്തി വിശദമായി ചർച്ച ചെയ്യുന്നതിനായി സമിതിയുടെ ഒരു യോഗം ചേരാവുന്നതാണെന്നും, സമിതി ചെയർമാന്റെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത യോഗം 2012 നവംബർ മാസം 7-ാം തീയതി ഉച്ചയ്ക്കുശേഷം തിരുവനന്തപുരത്ത് നടത്താവുന്നതാണെന്നും സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.

## 7-11-2012- ലെ യോഗനടപടിക്കുറിപ്പ്

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII, 2012 നവംബർ മാസം 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ.
2. ശ്രീ. എം. ഹംസ, "
3. ശ്രീ. പി. എ. മാധവൻ, "
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, "
5. ശ്രീ. കെ. ശിവദാസൻ നായർ, "
6. ശ്രീ. എം. എ. വാഹീദ്, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. കെ. ബിജു, ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്.
2. ശ്രീ. പി. ആർ. റെയ്നോൾഡ്, ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്), എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്.
3. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്.
4. ശ്രീമതി കെ. മിനി, ജോയിന്റ് സെക്രട്ടറി, തൊഴിൽ വകുപ്പ്.
5. ശ്രീ. ഡി. മീനാക്ഷ് പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി.ഡി.

യോഗത്തിൽ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന ന്യൂ എംപ്ലോയ്മെന്റ് ജനറേഷൻ/സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവയെക്കുറിച്ചും ഐ.ടി.ഐ.-കളുടെ നവീകരണം സംബന്ധിച്ചും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ ഒരു പവർ പോയിന്റ് പ്രസന്റേഷൻ നടത്തുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും ചെയ്തു.

കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട 43 ലക്ഷത്തോളം പേരിൽ നാൽപ്പത്തിയേഴായിരം ഐ.ടി. ഗ്രാഡുവേറ്റ്സും, മറ്റ് എഞ്ചിനീയറിംഗ് ശാഖകളിലുള്ള ഒരു ലക്ഷത്തി അമ്പതിനായിരത്തോളം പേരുമാണുള്ളത്. എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, സ്കിൽ ഡെവലപ്മെന്റിനുവേണ്ടി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്കിൽ ഡെവലപ്മെന്റ് സാധ്യമാക്കുന്നതിന് ഒരു പദ്ധതി വി.റ്റി.പി. സെന്ററുകളിലൂടെ നടപ്പിലാക്കുന്നുണ്ടെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്ക് യോഗ്യതയ്ക്കനുസൃതമായി 90 മുതൽ 180 ദിവസം വരെയുള്ള ട്രെയിനിംഗിനുശേഷം ടെസ്റ്റ് നടത്തി അസ്സസ് ചെയ്ത് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള 80 വൊക്കേഷണൽ ട്രെയിനിംഗ് പ്രൊവൈഡേഴ്സ് മതിയാകാത്തതിനാൽ, കോളേജുകളും വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങളും ഇതിൽ രജിസ്റ്റർ ചെയ്താൽ ഈ ലക്ഷ്യം നേടാൻ കഴിയുമെന്നും, 23 കോടി രൂപയാണ് കേന്ദ്രസർക്കാർ എം.ഇ.എസ്. പ്രോഗ്രാമിനുവേണ്ടി നൽകിയിട്ടുള്ളതെന്നും, ഇപ്പോഴുള്ള ലക്ഷ്യം ഇരുപത്തിഅയ്യായിരം പേർക്ക് ട്രെയിനിംഗ് നൽകണമെന്നായതിനാൽ കൂടുതൽ വി.റ്റി.പി.-കൾ തുടങ്ങിയാൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനുവേണ്ടി ഒരു അഡ്വർട്ടൈസ്മെന്റ് ക്യാംപയിനും എഫ്.എം. റേഡിയോ വഴിയുള്ള പ്രചരണവും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ നല്ലൊരു പദ്ധതിയാണിതെന്നും, വിവിധ ട്രേഡുകളിലായി 1600-ഓളം കോഴ്സുകളാണ് വി.റ്റി.പി. വഴി ആരംഭിച്ചിരിക്കുന്നതെന്നും, സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങൾക്കും ട്രെയിനിംഗ് കൊടുക്കാമെന്നും, ട്രെയിനിംഗ് ലഭിക്കുന്നവർക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് നൽകുന്നതാകയാൽ തൊഴിൽ സാധ്യതകൾ വർദ്ധിക്കുമെന്നും ട്രെയിനിംഗ് ഫീസ് മണിക്കൂറിന് 30 രൂപ വീതം 600 രൂപയാണെന്നും, ഇതൊരു നല്ല സംരംഭമാണെന്നും, ട്രെയിനിംഗിന്റെ പേരിൽ പല തരത്തിലുള്ള വ്യാജ പ്രവർത്തനങ്ങൾ (തട്ടിപ്പുകൾ) നടക്കുന്നതിനാൽ എം.എൽ.എ.-മാർ മുൻകൈ എടുത്ത് കൂടുതൽ വി.റ്റി.പി.കൾ രജിസ്റ്റർ ചെയ്യിക്കേണ്ടതാണെന്നും യോഗാധ്യക്ഷൻ അഭിപ്രായപ്പെട്ടു.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റും ലേബർ ഡിപ്പാർട്ട്മെന്റും ചേർന്ന് മുൻകൈ എടുത്ത് നടത്തുന്ന പദ്ധതിയാണ് KASE (Kerala Academic for Skills Excellence) എന്നും ഓരോ സംസ്ഥാനവും അവരുടെ സ്കിൽ മിഷനുകൾ രൂപീകരിക്കണമെന്നും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ സമിതിയെ

അറിയിച്ചു. KASE കേരളത്തിൽ സെക്ഷൻ 25 പ്രകാരം കമ്പനി രൂപീകരിച്ചിരിക്കുകയാണെന്നും അഡ്വൈസറി ബോർഡിന്റെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ തൊഴിൽ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാർ അംഗങ്ങളുമാണെന്നും, സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്സ് നടപ്പാക്കുന്നതിനായി രൂപീകൃതമായ ബോർഡിൽ ചെയർമാൻ ചീഫ് സെക്രട്ടറിയും വൈസ് ചെയർമാൻ ലേബർ സെക്രട്ടറിയും അംഗങ്ങൾ നോർക്ക സെക്രട്ടറിയും മറ്റ് സെക്രട്ടറിമാരുമാണെന്നും ഡയറക്ടർ അറിയിച്ചു. മാർച്ച് മാസത്തിൽ രൂപീകരിച്ചിട്ടുള്ള ഈ മിഷനിലൂടെയാണ് ഭാവിയിൽ സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്സും കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന പദ്ധതികളുമെല്ലാം നടപ്പാക്കുന്നതെന്നും ഇതിന്റെ ആദ്യത്തെ പ്രോജക്ടായ കൺസ്ട്രക്ഷൻ അക്കാഡമി പി.പി.പി. മോഡലിൽ ഡിസംബറിൽ ചവറയിൽ ആരംഭിക്കാനാകുമെന്നും സമിതിയെ അറിയിച്ചു. ഇതിനുവേണ്ടി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചിരുന്നതിൽ മൂന്നു കമ്പനികളാണ് ക്വാളിഫൈഡായിട്ടുള്ളതെന്നും, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ കൊടുത്ത് ടെണ്ടർ വിളിച്ച് അതിൽ നിന്നും ബെസ്റ്റ് പ്രൊപ്പോസൽ സെലക്ട് ചെയ്ത് KASE-മായി ചേർന്ന് ട്രെയിനിംഗ് ഫെസിലിറ്റി ആരംഭിക്കുകവഴി അമ്പതിനായിരത്തോളം പേർക്ക് കൺസ്ട്രക്ഷൻ ഫീൽഡിലും ഓരോ ജില്ലയിലും സബ്സെന്റർ ആരംഭിക്കുകവഴി ഏതാണ്ട് ഒരു ലക്ഷത്തോളം പേർക്ക് നേരിട്ടും അല്ലാതെയും ട്രെയിനിംഗ് കൊടുത്ത് സർട്ടിഫിക്കറ്റ് നൽകുവാനും സാധിക്കുമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു.

ഓട്ടോമൊബൈൽ ട്രെയിനിംഗ് ഹബ്ബ്, വിദേശഭാഷകളിൽ പരിശീലനം നൽകുന്നതിനായി നഴ്സസ് ട്രെയിനിംഗ് സെന്റർ, ഒ.എൻ.ജി.സി.യുടെ ആഭിമുഖ്യത്തിൽ പെട്രോളിയം ആന്റ് റിഗ് ട്രെയിനിംഗ് സെന്റർ എന്നീ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത് KASE മുഖാന്തിരമാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

ഐ.ടി.ഐ.കളുടെ നിലവാരംഉയർത്തി ബഞ്ച് മാർക്ക് ചെയ്ത് അന്താരാഷ്ട്ര നിലവാരമുള്ളവയായി മാറ്റുന്നതിന്റെ ഭാഗമായി കോഴ്സ് മോഡേണൈസേഷൻ, പുതിയ സിലബസ്, മെഷിനറി ആന്റ് വർക്ക്ഷോപ്പ് മോഡേണൈസേഷൻ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടങ്ങിയവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നും കോഴിക്കോട് വനിത ഐ.ടി.ഐ., ഗവൺമെന്റ് ഐ.ടി.ഐ., ഏറ്റുമാനൂർ എന്നിവിടങ്ങളിൽ മുൻവർഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകി എന്നും നടപ്പുവർഷം പത്തോളം ഐ.ടി.ഐ.കൾക്ക് അത് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതായും ഡയറക്ടർ അറിയിച്ചു. മാത്രമല്ല ഐ.ടി.ഐ.കളിൽ ജനറൽ ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം നടപ്പാക്കിയതായും അച്ചടക്കം നിലനിർത്തുന്നതിന്റെ ഭാഗമായി അങ്ങനെ ചെയ്താൽ മാത്രമേ ഒരു പുതിയ ഇൻഡസ്ട്രിയിലേക്ക് പോകുമ്പോൾ ഡിസിപ്ലിൻഡ് വർക്ക് ഫോഴ്സ് ആകുവാൻ സാധിക്കുകയുള്ളൂവെന്നും ഡയറക്ടർ അറിയിച്ചു.

മുൻകാലങ്ങളിൽ ഐ.ടി.ഐ.യ്ക്ക് വലിയ പ്രാധാന്യം കൊടുത്തിരുന്നില്ലെന്നും അതിന്റെ പ്രാധാന്യം വീണ്ടെടുക്കുന്നതിന്റെ ഭാഗമായി ഡിസിപ്ലിൻ കൊണ്ടുവരുന്നതിനും നിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് ബയോമെട്രിക്

അറ്റൻഡൻസ് കൊണ്ടുവന്നതെന്നും, വരുംകാലങ്ങളിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ എസ്.എം.എസ്.വഴി വീട്ടുകാരെ അറിയിക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുമെന്നും യോഗാദ്ധ്യക്ഷൻ സമിതിയെ അറിയിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായി ഒരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കൊണ്ടുവരാൻ ശ്രമിക്കുകയാണെന്നും, ഇന്ത്യയിൽ ഒരിടത്തും ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇല്ലായെന്നും 65 എക്സ്ചേഞ്ചുകളിൽ ഡാറ്റ ഡിജിറ്റൈസ് ചെയ്ത് വെരിഫൈ ചെയ്തെന്നും ബാക്കി 25 എക്സ്ചേഞ്ചുകൾ നവംബർ 30-ടുകൂടി ഡിജിറ്റൈസേഷൻ പൂർത്തിയാക്കുമെന്നും അറിയിച്ചു. അങ്ങനെ കേരളത്തിലെ മിക്കവാറും എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടേയും ഡാറ്റ, വെരിഫൈഡ് ഡാറ്റാബേസായി മാറ്റുവാൻ കഴിയുമെന്നും, ഡിസംബർ ആദ്യവാരം ആകുമ്പോൾ ഓൺലൈൻ സംവിധാനം ഇന്ത്യയിൽ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്താൽ റിന്യൂവലും സീനിയോറിറ്റിയും ഓൺലൈനായി ചെയ്യുന്നതിനും തന്മൂലം വിവിധ വകുപ്പുകളിൽ വളരെ എളുപ്പം ആളുകളെ നിയമിക്കാൻ സാധിക്കുമെന്നും എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കാനുള്ള പുതിയ പദ്ധതിയുടെ ഭാഗമായി ഈ വർഷം തെരഞ്ഞെടുത്ത കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സ്കിൽ പരിശോധിച്ച് അതിലെന്തെങ്കിലും പോരായ്മ യുണ്ടെങ്കിൽ വി.റ്റി.പി. മുഖാന്തിരം പരിഹരിക്കുന്നതിനും, ഉദ്യോഗാർത്ഥികൾക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രമല്ല സ്വകാര്യ സ്ഥാപനങ്ങളിലും ആവശ്യമായ പ്ലേസ്മെന്റ് നൽകുവാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു.

സർക്കാരിന്റെ മുമ്പിലുള്ള ഏറ്റവും വലിയ പ്രശ്നം കാലതാമസമാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇത്തരത്തിൽ മാറിക്കഴിയുമ്പോൾ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനുവേണ്ടി മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പോയാൽ മതിയെന്നും ബാക്കിയുള്ളവ വീട്ടിലിരുന്ന് ഓൺലൈനായി ചെയ്യാവുന്നതാണെന്നും, കമ്പനികൾക്ക് എത്രപേരെ വേണമെന്നത് സംബന്ധിച്ച് ലിസ്റ്റ് ഫീഡ് ചെയ്താൽ ഉടനെ കിട്ടുമെന്നും സർക്കാർ ഉദ്യോഗത്തിന്റെ കാര്യത്തിൽ വ്യക്തതയും കാര്യക്ഷമതയും കൈവരിക്കുവാൻ സാധിക്കുന്നതോടൊപ്പം പുതിയതായിവരുന്ന ഒരാളെ എംപ്ലോയബിൾ ആക്കുന്നതിന് ലാംഗ്വേജ്, കംപ്യൂട്ടർ, സോഫ്റ്റ് സ്കിൽസ് എന്നിവയിലുള്ള പരിശീലനം എംപ്ലോയബിലിറ്റി സെന്ററിൽത്തന്നെ കൊടുക്കുവാനും, അഡീഷണൽ സ്കിൽ വേണ്ടവർക്ക് വി.റ്റി.പി.കൾവഴി പരിശീലനം ലഭ്യമാക്കാനും ഇത്തരത്തിൽ പരിശീലനം നേടുന്നവർക്ക്, സർക്കാർ, സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിനൽകുവാൻ സാധിക്കുമെന്നും സമിതി മുമ്പാകെ വ്യക്തമാക്കി.

കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് (CASE) എന്ന പേരിൽ പ്രൈവറ്റ് എംപ്ലോയേഴ്സിനുംകൂടി പ്രയോജനമാകുന്നവിധത്തിൽ ഒരു എംപ്ലോയ്മെന്റ് പോർട്ടൽ കൂടി മോഡണൈസേഷന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ടെന്നും, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടത്തുന്ന പ്രോഗ്രാമുകളാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു. സ്കിൽ ഡെവലപ്മെന്റിന് പുതിയ മേഖലകളും ഇൻഡസ്ട്രികളും വന്നിട്ടുണ്ടെന്നും ഇന്ത്യയിലും വിദേശത്തും കൺസ്ട്രക്ഷൻ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിലാണ് ഏറ്റവും കൂടുതൽ എംപ്ലോയ്മെന്റ് ജനറേഷനുള്ളത് എന്നതിനാൽ അതിനുവേണ്ടിയുള്ള ആദ്യത്തെ എസ്.പി.വി.-യും ട്രെയിനിംഗ് സെന്ററും ഡിസംബർ മാസത്തോടെ ചവറയിൽ ആരംഭിക്കുമെന്നും വ്യക്തമാക്കി.

മുൻ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ വേണ്ടത്ര പുരോഗതി നേടാൻ സാധിക്കാത്തതുകൊണ്ട് പ്രസ്തുത സ്ഥാപനത്തെ കേരള അക്കാഡമി ഫോർ സ്കിൽസിനോടുകൂടി മെർജ് ചെയ്യുന്നതിനുള്ള ഒരു പ്രൊപ്പോസൽ അടുത്ത ബോർഡ് മീറ്റിംഗിൽ വച്ചിട്ടുണ്ടെന്നും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൈ അപ്പ് ആണ് ഉദ്ദേശിക്കുന്നതെന്നും, അറുപത് ശതമാനത്തോളം പൂർത്തിയായിട്ടുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ട് ഒരു ഡിസൈൻ ആന്റ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടായി കേരളത്തിൽ മാറുമെന്നും ഈ വർഷത്തോടുകൂടി കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു.

റീട്ടെയിൽ ആന്റ് ടൂറിസം, ഹെൽത്ത് കെയർ ആന്റ് ഹോസ്പിറ്റാലിറ്റി, ഐ.ടി. & ഐ.ടി. എനേബിൾഡ് സർവ്വീസസ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സെക്ടേഴ്സ് എന്നീ മേഖലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ KASE-വഴി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും, ചവറയിലെ എസ്.പി.വി. കൺസ്ട്രക്ഷൻ മേഖലയിൽ എല്ലാ തട്ടിലുമുള്ള വർക്കേഴ്സിനെ ട്രെയിൻ ചെയ്യിക്കാനാണുദ്ദേശിക്കുന്നതെന്നും, അമ്പതിനായിരത്തോളം പേർക്ക് ഒരുവർഷം പരിശീലനം കൊടുക്കുവാൻ സാധിക്കുമെന്നും വിദേശ ജോലികൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ ഒരു ഇന്റർനാഷണൽ സർട്ടിഫിക്കേഷൻ നടപ്പിൽവരുത്തുന്നത് ആലോചിക്കുന്നുണ്ടെന്നും വ്യക്തമാക്കി.

ഐ.ടി.ഐ.കളെ സ്മാർട്ട് ഐ.ടി.ഐ. ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുള്ള 34 ITI-കളെയും 2mbps ലൈൻ മുഖാന്തിരം ഇന്റർലിങ്ക് ചെയ്തിരിക്കുകയാണെന്നും, ഇതുവഴി ഏതു രാജ്യത്തു നിന്നുവേണമെങ്കിലും ഏതൊരു ഇൻസ്ട്രക്ടർക്കും ഇവിടത്തെ കുട്ടികൾക്ക് ക്ലാസ്സ് എടുക്കാൻ സാധിക്കുമെന്നും, അങ്ങനെ ട്രെയിൻഡായിട്ടുള്ള ഇൻസ്ട്രക്ടർമാരുടെ കുറവ് പരിഹരിക്കാൻ സാധിക്കുമെന്നും ഡയറക്ടർ അറിയിച്ചു. 73 ഐ.ടി.ഐ.കളിലും സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കുകയും ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റുമായി ലിങ്ക് ചെയ്തിട്ടുണ്ടെന്നും ഐ.ടി.ഐ.യിൽ നിന്ന് പാസ് ഔട്ട് ആകുന്ന കുട്ടികൾക്ക് വേണ്ടി www.skilljobs.kerala.gov.in എന്നൊരു വെബ് പോർട്ടൽ രൂപീകരിച്ചെന്നും വ്യക്തമാക്കി.

ടാറ്റാ മോട്ടോഴ്സ് അവരുടെ വർക്ക്ഷോപ്പ് ഫെസിലിറ്റി സെറ്റ്അപ് ചെയ്യുകയും മാരുതി സുസുക്കി, ഫോക്സ് വാഗൺ തുടങ്ങിയ കമ്പനികൾ ഒരു കോടിയോളം രൂപ മുതൽമുടക്കിൽ കളമശ്ശേരി ഐ.ടി.ഐ.യിൽ വർക്ക്ഷോപ്പ്-കം-ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെയുള്ള ട്രെയിനേഴ്സിന് ട്രെയിനിംഗ് നൽകുമെന്നും ഇത് തൊഴിൽസാധ്യതയുണ്ടാക്കുമെന്നും കേരളത്തിൽ നല്ല രീതിയിൽ എംപ്ലോയ്മെന്റ് ജനറേഷന് സാധിക്കുമെന്നും ഡയറക്ടർ വെളിപ്പെടുത്തി.

MODEL EMPLOYMENT SKILLS PROGRAMME നായി 23 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലാണ് നൽകിയിരിക്കുന്നതെന്നും ഈ വർഷത്തെ ലക്ഷ്യം 24940 പേർക്ക് ട്രെയിനിംഗ് നൽകുക എന്നുള്ളതാണെന്നും അതിനുള്ള ഫണ്ട് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്മാർട്ട് കണക്ട് സംവിധാനം എല്ലാ ഐ.ടി.ഐ.കളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിനുള്ള ഒരു സംവിധാനമാണെന്നും കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്വർക്കുവഴി എല്ലാ ഐ.ടി.ഐ.കളെയും തമ്മിൽ ബന്ധിപ്പിക്കാനും, വെർച്വൽ ക്ലാസ്റൂം നെറ്റ്വർക്ക് സംവിധാനം വികസിപ്പിക്കാനുമാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കി.

ഇപ്പോൾ ഐ.ടി.ഐ.കളിലുള്ള ഗ്രാഫിക്സ് സബ്ജക്ടുകളെല്ലാം തന്നെ കുട്ടികൾക്ക് മനസ്സിലാക്കാൻ വളരെ പ്രയാസമായതിനാൽ കെൽട്രോൺ മുഖാന്തിരം ഒരു 3D ഇന്ററാക്ടീവ് സോഫ്റ്റ്വെയർ ഉപയോഗിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു പുതിയ ആശയമാണ് സമാർട്ട്-ടെക്-3D-ഇന്ററാക്ടീവ് ലേണിംഗ്. ഇതിൽ ഗ്രാഫിക്സ്, ഓട്ടോമാറ്റിക് മെക്കാനിക്സ് എന്നിവ ഉൾപ്പെടുത്താനാണ് തുടക്കത്തിൽ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കി.

ഓരോ ഐ.ടി.ഐ.യെയും ഓരോ കമ്പനിയെക്കൊണ്ട് സ്പോൺസർ ചെയ്യിച്ച് അവർതന്നെ ട്രെയിനിംഗും പ്ലേസ്മെന്റും കൊടുക്കാനുള്ള രീതിയിലാണ് മുന്നോട്ട് പോകേണ്ടതെന്ന് യോഗാദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

INCOME GENERATION ACTIVITIES കുട്ടികളിൽ എന്റർപ്രെന്യൂവർ സ്പിരിറ്റ് വളർത്താൻ സഹായിക്കുമെന്നും, ആറ്റിങ്ങൽ ഐ.ടി.ഐ.യിൽ ഡ്രൈവിംഗ് സ്കൂൾ, ചെങ്ങന്നൂരിൽ ഫാമിംഗ്, വെൽഡിംഗ് കോഴ്സുകൾ, സ്റ്റീൽ ഫർണിച്ചർ പ്രൊഡക്ഷൻ യൂണിറ്റുകൾ എന്നിവ തുടങ്ങിയിട്ടുണ്ടെന്നും അറിയിച്ചു.

നോർക്കവഴിയുള്ള ട്രെയിനിംഗ് ഐ.ടി.ഐ.കളിലൂടെയാണ് കൊടുക്കുന്ന തെന്നും രണ്ട് കോടിയോളം രൂപ ചെലവഴിച്ച് ട്രെയിനിംഗ് കൊടുത്തിരുന്നു എന്നും അതിൽ മിക്കവാറും പേർക്ക് പ്ലേസ്മെന്റ് ആയിട്ടുണ്ടെന്നും ഐ.ടി.ഐ.കളിൽ ഓൺലൈൻ ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം കൊണ്ടുവരാൻ പോകുകയാണെന്നും ഡയറക്ടർ അറിയിച്ചു. 1971-നുശേഷം ഇതുവരെയും സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്താത്തതിനാൽ 89-ഓളം ഇൻസ്ട്രക്ടർ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തുകഴിഞ്ഞാൽ പുതിയ ഇൻസ്ട്രക്ടേഴ്സിനെ നിയമിക്കാൻ സാധിക്കുമെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു.

പരിശീലന സ്ഥാപനങ്ങളിൽ കുട്ടികളെ ചൂഷണം ചെയ്യുകയോ അമിതമായ ഫീസ് ഈടാക്കുകയോ ഇടയ്ക്കുവെച്ച് നിർത്തി പോകുകയോ ചെയ്യുന്നതിനെതിരെ Kerala State Vocational Training Control and Regulation Act, 2012 എന്ന പേരിൽ കൊണ്ടുവരുന്ന പുതിയ നിയമത്തിന്റെ ഡ്രാഫ്റ്റ് നിയമവകുപ്പ് വെറ്റ് ചെയ്തിട്ടുണ്ട്. അത് അടുത്ത നിയമസഭാ സമ്മേളനത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സമിതിയിൽ വ്യക്തമാക്കി.

കേരളത്തിലെ അൺഅഫിലിയേറ്റഡായ 240 പ്രൈവറ്റ് ഐ.ടി.ഐ.കളെയും അഫിലിയേറ്റഡ് ആക്കാനും ട്രെയിൻഡ് അല്ലാത്ത ഇൻസ്ട്രക്ടേഴ്സിനെ ബാച്ചുകളായി പല ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പരിശീലനത്തിന് അയയ്ക്കാനും, മൂന്ന് ജില്ലകളിൽ ഈ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം Additional Skill and Enhancement Programme (ASEP) എന്ന പേരിൽ ഒരു സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും എംപ്ലോയ്മെന്റ് & ട്രെയിനിംഗ് ഡയറക്ടർ വ്യക്തമാക്കി.

ഇനി പുതിയ ഐ.ടി.ഐ.കൾ തുടങ്ങാനുദ്ദേശിക്കുന്നില്ലെന്നും പഴയ ഐ.ടി.ഐ.കൾ മോഡേണൈസ് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും യോഗാദ്ധ്യക്ഷൻ വ്യക്തമാക്കി.

സമിതി ഉച്ചയ്ക്കുശേഷം 3.50-ന് യോഗം പിരിഞ്ഞു.

## 26-12-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും), 2012 ഡിസംബർ 26-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രിയുമായ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബി ജോൺ സന്നിഹിതനായിരുന്നു. താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. കെ. ഗുരുദാസൻ, എം.എൽ.എ.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ”
3. ശ്രീ. എ. കെ. ശശീന്ദ്രൻ, ”
4. ശ്രീ. എം. എ. വാഹീദ്, ”

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി നിവേദിത പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിൽവകുപ്പ്
2. ശ്രീ. ശിവശങ്കർ, എം., സെക്രട്ടറി, ഊർജ്ജവകുപ്പ്
3. ശ്രീ. പി. വൽസരാജ്, ഡയറക്ടർ, അനെർട്ട്
4. ശ്രീ. സി. കെ. ചന്ദ്രബോസ്, ജോയിന്റ് ടെക്നിക്കൽ ഡയറക്ടർ, അനെർട്ട്
5. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
6. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
7. ശ്രീ. ഹരികുമാർ, അഡീഷണൽ സെക്രട്ടറി, തൊഴിൽവകുപ്പ്
8. ശ്രീ. ഡി. മനേക്ഷ് പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്
9. ശ്രീ. പി. സുകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, 'ചിയാക്.'

പ്രസ്തുത യോഗത്തിൽ സമിതി പതിനൊന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി:

**I. അനെർട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

(1) ഊർജ്ജമേഖലയിലെ അടിസ്ഥാനപഠനം.—ഊർജ്ജ ദൗർല്ലഭ്യം മനസ്സിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടി അനെർട്ട് ആരംഭിച്ച വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേ ഒരു പരിധിവരെ പൂർത്തിയായതായും സമിതിക്ക് ബോധ്യപ്പെട്ടു. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണയോജന പദ്ധതിപ്രകാരം 114 കോടി രൂപ വടക്കൻ ജില്ലകൾക്കും 89 കോടി രൂപ തെക്കൻ ജില്ലകൾക്കും ലഭ്യമായാൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ. കുടുംബങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ കഴിയുമെന്നും സമിതി മനസ്സിലാക്കി. തൃശ്ശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളിൽ കോൺട്രാക്ടർമാരില്ലാതെ, ഡിപ്പാർട്ട്മെന്റ് വർക്കായി കെ.എസ്.ഇ.ബി. നേരിട്ട് പണി തുടങ്ങുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും വാങ്ങിയതായും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ തെരഞ്ഞെടുത്ത വീടുകളിലെ അന്തിമ ഊർജ്ജ ഉപഭോഗസർവ്വേ പൂർത്തിയാക്കിയതായും പവർലൈൻ മാപ്പിംഗിന്റെ പ്രവർത്തനം ഏകദേശം പൂർത്തിയാക്കിയതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു. വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയ വോളന്റിയർമാർക്ക് പ്രതിഫലം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(2) ഊർജ്ജ വിഭവ വിശകലനം.—ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാപഠനം സംബന്ധിച്ച് ചർച്ച ചെയ്യവേ കേരളത്തിൽ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും ഇവയുടെ കാര്യങ്ങൾ ഐ.പി.പി.യും സി.പി.പി.യുമാണ് ചെയ്യുന്നതെങ്കിലും കെ.എസ്.ഇ.ബി. മുഖേനയാണ് അവ നടപ്പിലാക്കുന്നതെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു.

(3) ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണം.—പതിനെട്ടുകോടി രൂപയുടെ ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ (മെച്ചപ്പെട്ട വിറകടുപ്പുകൾ, താപഭരണികൾ, സി.എഫ്.എൽ.) വാങ്ങിയതായും അവ 2013 മാർച്ചിനുമുൻപ് തന്നെ വിതരണം ചെയ്യുന്നതാണെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

(4) വികേന്ദ്രീകൃത ഊർജ്ജോത്പാദന പരിപാടികൾ.—അനെർട്ടിന്റെ കീഴിൽ 14 ജില്ലകളിലും 14 മുനിസിപ്പാലിറ്റികളിലും സോളാർ കുക്കറുകളും സോളാർ വാട്ടർ ഹീറ്ററുകളും വിതരണം ചെയ്യാൻ ടെണ്ടർ ആയിട്ടുണ്ടെന്നും 2013 മാർച്ചിനു മുൻപ് അവ വിതരണം ചെയ്തു തുടങ്ങുമെന്നും സമിതിയിൽ വെളിപ്പെടുത്തി.

കേന്ദ്ര പാരമ്പര്യേതര ഊർജ്ജവകുപ്പിന്റെ ധനസഹായത്തോടുകൂടി വിദൂരഗ്രാമ വൈദ്യുതീകരണ പദ്ധതിയിൻകീഴിൽ കേരളത്തിലെ അഞ്ചു ജില്ലകളിലെ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും പൊതു വിഭാഗത്തിലുമായി 4204 സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു നൽകുകയുണ്ടായതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

(5) സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതികൾ.—തിരുവനന്തപുരത്ത് പി.എം.ജി.-ക്ക് സമീപം സർക്കാർ നൽകിയിട്ടുള്ള 45 സെന്റ് സ്ഥലത്ത് ഊർജ്ജസംരക്ഷണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഒരു മാതൃക എന്ന നിലയിൽ രൂപകല്പന ചെയ്തിരിക്കുന്ന അനെർട്ടിന്റെ ആസ്ഥാന മന്ദിരത്തിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ടെന്ന വിവരം സമിതിയെ അറിയിച്ചു.

(6) അനെർട്ടിന്റെ പാരമ്പര്യേതര ഊർജ്ജപദ്ധതികൾ.—2011-12-ൽ അനെർട്ട് ആരംഭിച്ച സൂര്യജ്യോതി പദ്ധതിയിൻകീഴിൽ കേരളത്തിലെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 1400 സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും സമിതിയിൽ വ്യക്തമാക്കി. 2011-12-ൽ കേരളത്തിൽ അനെർട്ട് 3050 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു നൽകിയതായും സൂര്യതാപം പ്രയോജനപ്പെടുത്തി 157200 LPD ശേഷിയുള്ള ഗാർഹിക സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചുനൽകിയതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി കാറ്റിന്റെ ലഭ്യതയെക്കുറിച്ചുള്ള പഠനം ഒരു വർഷമായി അനെർട്ട് നടത്തിവരുന്നതായും സമിതിക്ക് അറിയാൻ കഴിഞ്ഞു.

നിലവിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പണി ഒരു കൺസർവേഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യുന്നതെന്ന വസ്തുത സമിതി ചെയർമാൻ വ്യക്തമാക്കി.

2013 മുതൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്തുകൾക്ക് സബ്സിഡി കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും ഇ.എം.സി. മുഖാന്തിരം സർക്കാർ സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിൽവരുത്തുന്നതിന് അധിക തുക വകയിരുത്തുന്നതാണെന്നും സമിതി ചെയർമാൻ അറിയിച്ചു.

**II. ഐ.ടി.ഐ.കളുടെ നവീകരണം**

2012-13 സാമ്പത്തിക വർഷം ഐ.റ്റി.ഐ. മേഖലയിൽ അനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചുവെന്നും കൂടാതെ എല്ലാ ഐ.ടി.ഐ.കളിലും തയ്യാറാക്കിയിട്ടുള്ള വെർച്വൽ ക്ലാസ്സ് മുറികൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായും 22 ഐ.ടി.ഐ.കൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നതായും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

കഴിഞ്ഞവർഷം ഭരണാനുമതി ലഭിക്കാൻ വൈകിയതുകൊണ്ടും സോർട്ട് ചെയ്ത യന്ത്രസജ്ജീകരണങ്ങൾ എത്താത്തതുകൊണ്ടും ഐ.ടി.ഐ.കളുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെ 25% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂവെന്നും എന്നാൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ഏകദേശം 35 ശതമാനത്തോളം ചെലവഴിക്കാൻ കഴിഞ്ഞതായും സമിതിയിൽ വെളിപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 38 ഐ.ടി.ഐ. കളുടെ സൗകര്യങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ടാണ് പുതിയ ഐ.ടി.ഐ.കൾ അനുവദിക്കുന്നകാര്യം പരിഗണിക്കാത്തതെന്നും അവയുടെ സൗകര്യങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പുതിയ ഐ.ടി.ഐ.കൾ അനുവദിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ടെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

പല സ്വകാര്യ ഐ.ടി.ഐ.കളെയും അപേക്ഷിച്ച് സർക്കാർ ഐ.ടി.ഐ.കളുടെ വിജയശതമാനം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി. പ്രൈവറ്റ്-ഗവൺമെന്റ് വ്യത്യാസമില്ലാതെ 20 ശതമാനത്തിൽ താഴെ വിജയശതമാനമുള്ള എല്ലാ ഐ.ടി.ഐ.കളുടെയും അംഗീകാരം പിൻവലിക്കുമെന്നൊരു അറിയിപ്പ് എല്ലാ ഐ.ടി.ഐ.കൾക്കും കൊടുത്തിരിക്കുന്നതായുള്ള വസ്തുത സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സമിതി മുൻപാകെ വെളിപ്പെടുത്തി. എസ്.സി./എസ്.റ്റി. വകുപ്പ് നടത്തുന്ന 44 ഐ.ടി.ഐ.കളുടെ നിലവാരം മോശമായതിനാൽ എസ്.സി./എസ്.റ്റി. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ 10-20 ശതമാനം സീറ്റുകൾ ജനറൽ കാറ്റഗറിയിലേക്കും ബാക്കിയുള്ള 80 ശതമാനം സീറ്റുകൾ എസ്.സി/എസ്.റ്റി. വിഭാഗക്കാർക്കുവേണ്ടിയും മാറ്റിവെച്ചുകൊണ്ട് എല്ലാ ഐ.ടി.ഐ. കളേയും തൊഴിൽ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് എസ്.സി/എസ്.റ്റി. വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

III. **സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സഹായമായി നൽകുന്ന പ്രീമിയം തുക ഈ വർഷം 1,100 രൂപയാക്കി നിശ്ചയിച്ചിരിക്കുന്ന വസ്തുത സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം സമിതി മുൻപാകെ വ്യക്തമാക്കി.

തുടർന്ന് സമിതി 17-10-2012-ലെ യോഗനിർദ്ദേശപ്രകാരം 2004-05 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 25 ന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരായുകയും ഭാവിയിൽ ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതി വൈകുന്നേരം 5-ന് യോഗം പിരിഞ്ഞു.

## 14-2-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും), 2013 ഫെബ്രുവരി മാസം 14-ാം തീയതി വ്യാഴാഴ്ച രാത്രി 7.45-ന് നിയമസഭാ മന്ദിരത്തിലെ ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുടെ ചേംബറിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയുമായ ശ്രീ. ഷിബു ബേബി ജോണിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ, എം.എൽ.എ.
2. ശ്രീ. എം. ചന്ദ്രൻ, ,,
3. ശ്രീ. പി. കെ. ഗുരുദാസൻ, ,,
4. ശ്രീ. എം. ഹംസ, ,,
5. ശ്രീ. പി. എ. മാധവൻ, ,,
6. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. ജെ. ജോയി, സെക്രട്ടറി, കേരള ഹെഡ്‌ലോഡ് വർക്കേഴ്‌സ് വെൽഫെയർ ബോർഡ്
2. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. എം. എൽ. ടോണി വിൻസെന്റ്, അഡീഷണൽ ലേബർ കമ്മീഷണർ
4. ശ്രീ. കെ. എസ്. മധുസൂദനൻ നായർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

പ്രസ്തുത യോഗത്തിൽ സമിതി, 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പരിഗണിക്കുകയും clause 1, 2, 3, 5, 6 എന്നിവ ഭേദഗതി കൂടാതെ അംഗീകരിക്കുകയും, clause 4 താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു:

*Clause 4*

(i) After Sub-clause (a) the following sub-clause shall be inserted, namely:—

"(b) For the word "workmen", the word 'employees' shall be substituted".

(ii) Existing sub-clause (b) shall be relettered as sub-clause (c).

പ്രസ്തുത യോഗത്തിൽ ശ്രീ. എം. ചന്ദ്രൻ, ശ്രീ. എം. ഹംസ എന്നീ അംഗങ്ങൾ റിപ്പോർട്ടിനോടൊപ്പം ഉൾകൊള്ളിക്കാൻ വിയോജനക്കുറിപ്പ് നൽകുകയും ചെയ്തു.

കൂടാതെ in clause 2(k) യിലെ mentally challenged, physically challenged എന്നതിനുപകരം differently abled എന്നു ചേർക്കാൻ പറ്റുമോ എന്നതു സംബന്ധിച്ച് വിശദമായി പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

രാത്രി 8.15-ന് യോഗം പിരിഞ്ഞു.

## 11-3-2013-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും), 2013 മാർച്ച് 11-ാം തീയതി തിങ്കളാഴ്ച്ച വൈകുന്നേരം 5 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. എ. കെ. ബാലൻ
2. ശ്രീ. പി. എ. മാധവൻ
3. ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. പ്രിയദർശനൻ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ജെ. ആന്റണി, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.
2. ശ്രീ. കെ. ബിജു, ഡയറക്ടർ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്.
3. ശ്രീ. കെ. എം. ധരേശൻ ഉണ്ണിത്താൻ, ഡയറക്ടർ, എനർജി മാനേജ്മെൻറ് സെന്റർ.
4. ശ്രീ. വി. എൽ. അനിൽ കുമാർ, ലേബർ കമ്മീഷണർ (ഇൻ-ചാർജ്ജ്).
5. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്.
6. ശ്രീ. കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്.
7. ശ്രീ. വി. എസ്. ബാലു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (ഡാം സേഫ്റ്റി).
8. ശ്രീ. വി. കൃഷ്ണകുമാർ, ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം.

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം സമിതി 2011-12 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി എന്നിവയുടെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുത്ത് വിശദമായി ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

